2023
SEPTEMBER
14
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES

## നാഫെഡിനുവേണ്ടിയുള്ള പച്ചത്തേങ്ങസംഭരണം പൂർണതോതിൽ ആരംഭിച്ചു



**കോഴിക്കോട്:** സംസ്ഥാനത്ത് നാഫെഡിനുവേണ്ടിയുള്ള പച്ചത്തേങ്ങസംഭരണം പൂർണതോതിൽ ആരംഭിച്ചു. വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന്റെ (വിഎഫ്പിസികെ) നേതൃത്വത്തിൽ സംസ്ഥാനത്തെ 69 കേന്ദ്രങ്ങളിലൂടെ കർഷകരിൽനിന്നു പച്ചത്തേങ്ങ സംഭരിച്ചു സ്വകാര്യ ഏജൻസികൾ വഴി കൊപ്രയാക്കി മാറ്റിയാകും നാഫെഡിനു കൈമാറുക. സംഭരിക്കുന്ന പച്ചത്തേങ്ങ സ്വാശ്രയ കർഷക വിപണികളിൽനിന്നു വാങ്ങി 15 ദിവസത്തിനകം കൊപ്രയാക്കി തിരിച്ച് വിഎഫ്പിസികെയ്ക്കു കൈമാറുന്നത് 2 സ്വകാര്യ ഏജൻസികളാണ്. വിഎഫ്പിസികെ ഈ കൊപ്ര നാഫെഡിനു കൈമാറും.

കൊപ്ര ലഭിച്ചാൽ ഒരാഴ്ചയ്ക്കകം നാഫെഡ് പണം വിഎഫ്പിസികെയ്ക്കു നൽകും. ഒരു കിലോഗ്രാം കൊപ്രയ്ക്ക് 108.60 രൂപയാണ് നാഫെഡ് നൽകുക. ഇതനുസരിച്ച് പച്ചത്തേങ്ങയ്ക്ക് സംസ്ഥാനസർക്കാർ പ്രഖ്യാപിച്ച താങ്ങുവിലയായ 34 രൂപ കർഷകർക്കു ലഭിക്കില്ല. കേന്ദ്രം നിശ്ചയിച്ച ആനുപാതിക തുക 29.33 രൂപയാണ്. പ്രഖ്യാപിച്ച താങ്ങുവിലയായ 34 രൂപ കർഷകനു കിട്ടാൻ ഓരോ കിലോ തേങ്ങയ്ക്കും ബാക്കി 4.67 രൂപ കർഷകർക്ക് സംസ്ഥാന സർക്കാർ നൽകും. ഇതു രണ്ടും രണ്ടായിട്ടാകും കർഷകരുടെ അക്കൗണ്ടിലെത്തുക. ഓരോ കിലോ പച്ചത്തേങ്ങ കൊപ്രയാക്കാൻ 1.70 രൂപയാണ് ചെലവു വരുന്നത്. ഇതു സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് തേങ്ങ സംഭരിക്കുന്നത്.

ജൂലൈ മുതൽ ഡിസംബർ വരെ 6 മാസത്തേക്കാണ് കേന്ദ്രസർക്കാർ അനുവദിച്ച താങ്ങുവില കൊപ്രയ്ക്ക് ലഭിക്കുക. എന്നാൽ കേരളത്തിൽ കൊപ്രസംഭരണം 2 മാസം വൈകിയതിനാൽ കർഷകർക്ക് 4 മാസത്തേക്കു മാത്രമായിരിക്കും ഈ താങ്ങുവിലയുടെ ആനുകൂല്യം ലഭിക്കുക. നഷ്ടപ്പെട്ട 2 മാസത്തെ ആനുകൂല്യം ലഭിക്കാൻ താങ്ങുവില കാലാവധി 2 മാസത്തേക്കുകൂടി ദീർഘിപ്പിക്കാൻ വിഎഫ്പിസികെ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടേക്കും. 50,000 ടൺ കൊപ്ര സംഭരിക്കാനാണ് കേന്ദ്രം തയാറായിട്ടുള്ളത്. എന്നാൽ കേരളത്തിൽ നിന്ന് ഇത്രയും കൊപ്ര നാഫെഡിനു നൽകാൻ കഴിഞ്ഞേക്കില്ലെന്നാണ് അധികൃതരുടെ കണക്കുകൂട്ടൽ.

## സൗദിയും ഇന്ത്യയും നിക്ഷേപ ഓഫിസുകൾ തുറക്കും

**ന്യൂഡൽഹി:** ഇന്ത്യ,സൗദി നിക്ഷേപക ഫോറത്തിനു പിന്നാലെ ഇരുരാജ്യങ്ങളിലും നിക്ഷേപക പ്രോത്സാഹനത്തിനായി ഓഫിസുകൾ തുറക്കാൻ ധാരണയായി.

സൗദി കിരീടാവകാശി മുഹമ്മദ് ബിൻ സൽമാന്റെ ഇന്ത്യാ സന്ദർശനവുമായി ബന്ധപ്പെട്ടാണ് നിക്ഷേപക സംഗമം നടത്തിയത്. 45 ധാരണാപത്രങ്ങൾ ഇരുരാജ്യങ്ങളിലെയും വിവിധ സ്ഥാപനങ്ങൾ തമ്മിൽ ഒപ്പിട്ടു. 500 കമ്പനികൾ ഫോറത്തിൽ പങ്കെടുത്തു.

## വ്യാവസായിക ഉൽപാദനം ഉയർന്നു

**ന്യൂഡൽഹി:** ജൂലൈയിൽ രാജ്യത്തെ വ്യാവാസായികോൽപാദന സൂചിക (ഐഐപി) 5 മാസത്തെ ഉയർന്ന നിലവാരത്തിലെത്തി. 5.7 ശതമാനമാണു വളർച്ച. ജൂണിൽ ഇത് 3.7 ശതമാനമായിരുന്നു. ഖനനം, നിർമാണം, വൈദ്യുതി മേഖലകളാണ് മികച്ച പ്രകടനം നടത്തിയത്.

# നിപ്പ: കോഴിക്കോട് പൊതുപരിപാടികൾക്കു വിലക്ക്



**കോഴിക്കോട്:** കോഴിക്കോട് ജില്ലയിൽ അടുത്ത 10 ദിവസം നടത്താൻ നിശ്ചയിച്ചിരിക്കുന്ന എല്ലാ പൊതുപരിപാടികളും താൽക്കാലികമായി നിർത്തിവയ്ക്കാൻ കലക്ടർ എ. ഗീത ഉത്തരവിട്ടു. കോഴിക്കോട്ട് നിപ്പ വൈറസ് സ്ഥിരീകരിച്ച സാഹചര്യത്തിലാണു നിർദേശം. ഉത്സവങ്ങൾ, പള്ളിപ്പെരുന്നാളുകൾ, അതുപോലുള്ള മറ്റു പരിപാടികൾ എന്നിവയിൽ ജനങ്ങൾ കൂട്ടത്തോടെ പങ്കെടുക്കുന്നത് ഒഴിവാക്കി ചടങ്ങുകൾ മാത്രമായി നടത്തണമെന്നാണ് നിർദ്ദേശം. വിവാഹം, റിസപ്ഷൻ തുടങ്ങി മുൻകൂട്ടി നിശ്ചയിച്ച പരിപാടികളിൽ പൊതുജന പങ്കാളിത്തം പരമാവധി കുറയ്ക്കണം. പ്രോട്ടോക്കോൾ അനുസരിച്ചു ചുരുങ്ങിയ ആളുകളെ ഉൾപ്പെടുത്തി ഇത്തരം പരിപാടികൾ നടത്തണം. ഇതു സംബന്ധിച്ചു ബന്ധപ്പെട്ട പൊലീസ് സ്റ്റേഷനിൽ അറിയിച്ചു മുൻകൂർ അനുമതി വാങ്ങണമെന്നും നിർദ്ദേശമുണ്ട്. പൊതുജനങ്ങൾ ഒത്തുചേരുന്ന നാടകം പോലുള്ള കലാ സാംസ്കാരിക പരിപാടികൾ, കായിക മത്സരങ്ങൾ എന്നിവ മാറ്റിവയ്ക്കേണ്ടതാണ്. നിപ്പ രോഗബാധയുമായി ബന്ധപ്പെട്ടു വ്യാജ വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നടപടിയെടുക്കാൻ പൊലീസിനു നിർദേശം നൽകി. പൊതുയോഗങ്ങൾ, പൊതുജന പങ്കാളിത്തം ഉണ്ടാകുന്ന പൊതുപരിപാടികൾ എന്നിവ മാറ്റിവയ്ക്കണമെന്നും കലക്ടറുടെ ഉത്തരവിൽ പറയുന്നു.

## നിപ്പയിൽ മുൻകരുതലുമായി തമിഴ്നാട്; കേരളത്തിൽ നിന്നുള്ള യാത്രക്കാർക്ക് അതിർത്തിയിൽ പരിശോധന



**കോഴിക്കോട്:** കോഴിക്കോട് നിപ്പ വൈറസ് ബാധിച്ചു രണ്ടുപേർ മരിച്ച സാഹചര്യത്തിൽ തമിഴ്നാട്ടിൽ മുൻകരുതൽ. കേരളത്തിൽ നിന്നെത്തുന്ന യാത്രക്കാരെ സംസ്ഥാന അതിർത്തിയിൽ പരിശോധനയ്ക്കു വിധേയരാക്കുമെന്ന് തമിഴ്നാട് സർക്കാർ അറിയിച്ചു. കേരളവുമായി അതിർത്തി പങ്കിടുന്ന എല്ലാ ജില്ലകളിലും പരിശോധന നടത്തുകയും പനിലക്ഷണങ്ങൾ ഉള്ളവരെ ഐസൊലേഷനിലാക്കുകയും ചെയ്യുമെന്നാണ് അറിയിപ്പ്.

കോഴിക്കോടു ജില്ലയിൽ നാലു പേർക്കാണ് ഇതുവരെ നിപ്പ വൈറസ് ബാധ സ്ഥിരീകരിച്ചത്. ഇതിൽ രണ്ടു പേർ മരിച്ചു. കുറ്റ്യാടി മരുതോങ്കര കള്ളാട് എടവലത്ത് മുഹമ്മദ് (48) ഓഗസ്റ്റ് 30നും വടകര മംഗലാട് മമ്പളിക്കുനി ഹാരിസ് (40) ഈ മാസം 11നുമാണു മരിച്ചത്. മുഹമ്മദിന്റെ ഒൻപതു വയസ്സുള്ള കുട്ടിയും ബന്ധുവും നിപ്പ സ്ഥിരീകരിച്ചു ചികിത്സയിലാണ്. ഹാരിസും മുഹമ്മദുമായി ആശുപത്രിയിൽ വച്ചാണ് സമ്പർക്കം ഉണ്ടായത്.

രോഗബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ എട്ടു പഞ്ചായത്തുകളിലെ വിവിധ വാർഡുകൾ കണ്ടെയ്ൻമെന്റ് സോണായി പ്രഖ്യാപിച്ചിട്ടുണ്ട്.



# പറക്കിലക്കുളം നവീകരിച്ചു; പദ്ധതി സമർപ്പിച്ച് ഒരു വർഷം പിന്നിട്ടിട്ടും നടപ്പിലായില്ല



**കാസർകോട്:** പറക്കിലക്കുളം നവീകരിച്ച് സംരക്ഷിച്ച് ജല ലഭ്യത വർധിപ്പിക്കാനുള്ള പദ്ധതി സമർപ്പിച്ച് ഒരു വർഷം പിന്നിട്ടിട്ടും നടപ്പിലായില്ല. കാസർകോട് വികസന പാക്കേജിൽ സമർപ്പിച്ച പദ്ധതിക്ക് 2.9 കോടിയോളം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. മധൂ!ർ പഞ്ചായത്തിൽ പറക്കില, ചേനക്കോട്, കോടിമജ്!ലു പ്രദേശങ്ങളിലെ കിണറുകളിൽ മറ്റും ജലവിതാനം ഉയരാൻ സഹായിക്കുന്നതാണ് പദ്ധതി. കുളം ആഴം കൂട്ടി 4 ഭാഗവും സംരക്ഷണ ഭിത്തി സ്ഥാപിച്ച് കൃഷിയിടങ്ങളിലേക്കും മറ്റുമായി വെള്ളം ലഭ്യമാക്കുകയായിരുന്നു ലക്ഷ്യം.

ചെറുകിട ജലസേചന വകുപ്പാണ് ഇതിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് കാസർകോട് വികസന പാക്കേജിൽ ഉൾപ്പെടുത്താൻ നൽകിയത്. 2015 മുതൽ നാട്ടുകാരും പഞ്ചായത്തും ഉൾപ്പെടെ ആവശ്യപ്പെടുന്നതാണ് കുളം നവീകരണം.

10 വർഷം മുൻപ് വരെ പറക്കിലക്കുളത്തിൽ നിന്ന് 5 കിലോമീറ്ററോളം ചുറ്റളവിൽ 25 ഏക്കർ വരെ കൃഷിയിടത്തിലേക്ക് വെള്ളം തോട് വഴി പമ്പ് ചെയ്ത് വിട്ടതായിരുന്നു. മധൂർ വരെ വെള്ളം എത്തിച്ചിരുന്നു. കർഷകർ വെള്ളത്തിന് കരവും അടച്ചതാണ്. കൃഷി ചെയ്യാതെയും മറ്റുമായി വെള്ളം ഉപയോഗിക്കാതായത് വഴി കുളം കാടു കയറി നശിച്ച നിലയിലായി. കൃഷിയിടങ്ങളിൽ മാത്രമല്ല പ്രദേശത്തുള്ള കുടുംബങ്ങളുടെ വീടുകളിൽ കിണറുകളിലും ജല ലഭ്യത കുറഞ്ഞു. കിണറുകളിൽ ജലവിതാനം ഉയർത്താനും സമീപത്തുള്ള തോടുകളിൽ നീരൊഴുക്ക് വർധിപ്പിക്കാനും സഹായിക്കുന്ന രീതിയിൽ കുളത്തിന്റെ നവീകരണമാണ് ഇപ്പോഴത്തെ ആവശ്യം.

വില്ലേജ് രേഖകളിൽ ഒന്നര ഏക്കർ സ്ഥലത്താണ് കുളം. 3 ഭാഗവും റോഡുണ്ട്. കുളത്തിനു ചുറ്റം മനോഹരമായ ഉദ്യാനം ഒരുക്കിയാൽ സഞ്ചാരികളെ ആകർഷിക്കാൻ കഴിയും. കുളത്തിനു സമീപം നെല്ല്, കമുക്, തെങ്ങ്,വാഴ, പച്ചക്കറി തുടങ്ങിയ കൃഷി ഉണ്ട്. വേനൽക്കാലത്ത് പോലും വറ്റാത്തതാണ് കുളം. ചെളി നിറഞ്ഞതോടെ നീരൊഴുക്കു തടസ്സപ്പെട്ടു.

കുളത്തിന്റെ നടുവിൽ ഒന്നര മീറ്റർ വരെ ആഴത്തിൽ ചെളി നീക്കം ചെയ്തു സംരക്ഷിച്ചാൽ കൃഷിയിടങ്ങളിലേക്ക് വെള്ളം എത്തിക്കാൻ കഴിയും. കുളത്തിന്റെ സമീപത്ത് അൻപതോളം ഗുണഭോക്താക്കളുണ്ട്. ഇരിപ്പിടം ഉൾപ്പെടെ ഒരുക്കി മനോഹരമാക്കാവുന്ന നിലയിലാണ് ചെറുകിട ജലസേചന വകുപ്പ് ഇതിനുള്ള പദ്ധതി സമർപ്പിച്ചിട്ടുള്ളത്. 2018ലെ നിരക്ക് അനുസരിച്ചാണിത്. വർഷം കഴിയുന്തോറും നിരക്ക് വർധിക്കുകയും ഫണ്ട് കിട്ടുന്നതിനു തടസ്സം ഉണ്ടാകുകയും ചെയ്യും എന്ന ആശങ്കയും ഉണ്ട്.

# അൺറിസർവ്ഡ്ഡീ റിസർവ്ഡ് കോച്ചുകൾ വെട്ടിക്കുറച്ച് റെയിൽവേ




**കൊല്ലം:** ട്രെയിനുകളിൽ അൺ റിസർവ്ഡ് ഡീ റിസർവ്ഡ് കോച്ചുകളുടെ എണ്ണം റെയിൽവേ വെട്ടിച്ചുരുക്കുന്നു. ഇത് ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിക്കുന്നത് സീസൺ ടിക്കറ്റ് യാത്രക്കാരെയും ഹ്രസ്വദൂര ഡീ റിസർവ്ഡ് കോച്ച് യാത്രക്കാരെയുമാണ്.

തിരുവനന്തപുരം മംഗലാപുരം മലബാർ എക്സ്പ്രസിൽ രണ്ട് ഡീ റിസർവ്ഡ് കോച്ചുകൾ ഉണ്ടായിരുന്നു. ഈ മാസം 18 മുതൽ ഇത്തരത്തിൽ ഒരു കോച്ച് മാത്രമേ ഉണ്ടാകൂ എന്ന് റെയിൽവേയുടെ അറിയിപ്പ് വന്നു കഴിഞ്ഞു.

പുനലൂർ കന്യാകുമാരി, നാഗർകോവിൽ കോട്ടയം പാസഞ്ചർ ട്രെയിനുകളിലും അൺ റിസർവ്ഡ് കോച്ചുകളുടെ എണ്ണം വെട്ടിച്ചുരുക്കി. ഇത് കാരണം ഈ മേഖലയിൽ യാത്രക്കാർ വണ്ടികളിൽ നിന്ന് തിരിയാൻ ഇടമില്ലാതെ ദുരിതം അനുഭവിക്കുകയാണ്.

പുനലൂർ മധുര പാസഞ്ചറിൻറെ സ്ഥിതിയും ഇത് തന്നെ. ഈ വണ്ടിയിൽ അൺ റിസർവ്ഡ് കോച്ചുകളുടെ എണ്ണം കുറച്ചുവെന്ന് മാത്രമല്ല പുതുതായി ഒരു ഏസി കോച്ച് കൂടി ഉൾപ്പെടുത്തി. ഇത് ഈ മേഖലയിൽ യാത്ര ചെയ്യുന്ന റെയിൽവേ ഉദ്യോഗസ്ഥരെ ഉദ്ദേശിച്ചാണ് എന്ന ആക്ഷേപവും ഉയർന്നിട്ടുണ്ട്.

ചില ദീർഘദൂര സർവീസുകളിൽ മാത്രമാണ് ഏതാനും കോച്ചുകളിൽ ഡീ റിസർവ്ഡ് കോച്ചുകൾ ഉള്ളത്. ഇവയിൽ സീസൺ ടിക്കറ്റുകാർക്ക് യാത്ര ചെയ്യാൻ അനുമതിയുണ്ട്. മാത്രമല്ല ചെറിയദൂര യാത്രക്കാർക്ക് ഈ കോച്ചുകളിൽ കയറുന്നതിന് പ്രത്യേക സ്ലീപ്പർ ടിക്കറ്റുകളും അനുവദിച്ചിട്ടുണ്ട്.

ഈ ആനുകൂല്യം പടിപടിയായി നിർത്തലാക്കാനാണ് റെയിൽവേയുടെ നീക്കം. ഇത് കൂടാതെ അൺ റിസർവ്ഡ് കോച്ചുകൾ കുറച്ചിട്ട് കൂടുതൽ സ്ലീപ്പർ കോച്ചുകൾ ഉൾപ്പെടുത്തുകയാണ് റെയിൽവേ ഇപ്പോൾ ചെയ്യുന്നത്.

ആധുനിക വത്ക്കരണത്തിൻറെ ഭാഗമായി പല വണ്ടികളിലും ഇപ്പോൾ എൽഎച്ച്ബി കോച്ചുകൾ ഏർപ്പെടുത്തിക്കഴിഞ്ഞു. ഇവയിലെല്ലാം അൺറിസർവ്ഡ് കോച്ചുകളുടെ എണ്ണം കുറച്ച ശേഷം കൂടുതൽ സ്ലീപ്പർഏസി കോച്ചുകൾ ഉൾപ്പെടുത്തിയിരിക്കയാണ്.

ഐലൻറ്, നേത്രാവതി, ജയന്തി ജനത, സുവർണ ജയന്തി, വേണാട്, കേരള തുടങ്ങി എക്സ്പ്രസ് ട്രെയിനുകളില്ലൊം ഇപ്പോൾ എൽഎച്ച്ബി കോച്ചുകളാണുള്ളത്.

ഈ മാസം 15 മുതൽ ഡീ റിസർവ്ഡ് അൺ റിസർവ്ഡ് കോച്ചുകളുടെ എണ്ണത്തിൻറെ കാര്യത്തിൽ റെയിൽവേ കൂടുതൽ നിയന്ത്രണം ഏർപ്പെടുത്തുമെന്ന് സൂചനയുണ്ട്.

# ജൈവ കീടനാശിനികൾ നിർമ്മിക്കാൻ കടുങ്ങല്ലൂരിൽ ബയോ കൺട്രോൾ ലാബ് ഒരുങ്ങുന്നു

**കൊച്ചി**: രാസവസ്തുക്കൾ ഉപയോഗിക്കാത്ത ജൈവകീടനാശിനികൾ കർഷകർക്ക് ലഭ്യമാക്കാൻ കടുങ്ങല്ലൂരിൽ ബയോ കൺട്രോൾ ലാബ് ഒരുങ്ങുന്നു. അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ഷൻ ഡെവലപ്മെന്റ് പ്രൊജക്റ്റിന്റെ ഭാഗമായി കടുങ്ങല്ലൂർ സർവീസ് സഹകരണ ബാങ്കിന്റെ കീഴിലാണ് ഏലൂക്കരയിൽ ബയോ കൺട്രോൾ ലാബ് യാഥാർത്ഥ്യമാകുന്നത്.

രണ്ടുകോടി രൂപയുടെ പദ്ധതിയിൽ ഒരുങ്ങുന്ന ലാബിന്റെ ടെൻഡർ നടപടികൾ പുരോഗമിക്കുകയാണ്. അഗ്രികൾച്ചർ ഇൻഫ്രസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി 1% പലിശ നിരക്കിലാണ് ഫണ്ട് ലഭിക്കുന്നത്. ഏലൂക്കരയിൽ പുതിയതായി നിർമ്മിക്കുന്ന കടുങ്ങല്ലൂർ സർവീസ് സഹകരണ ബാങ്ക് ശാഖാ മന്ദിരത്തിന്റെ താഴത്തെ നിലയിലാണ് ലാബ് ഒരുങ്ങുന്നത്. ബാങ്കിംഗ് പ്രവർത്തനങ്ങൾ കെട്ടിടത്തിന്റെ ഒന്നാമത്തെ നിലയിലും സജ്ജീകരിക്കും.

കൃഷിക്കൊപ്പം കളമശ്ശേരി പദ്ധതിയുടെ ഭാഗമായ കൃഷിയിടങ്ങളിലേക്ക് ജൈവ കീടനാശിനികൾ എത്തിക്കുന്നതിന് ധാരണയായിട്ടുണ്ട്. മറ്റ് കൃഷി സ്ഥലങ്ങളിലേക്കും ജൈവ കീടനാശിനികൾ ലഭ്യമാക്കും. കീടങ്ങളുടെ സാന്നിധ്യം അറിയുന്നതിന് മുൻപേ, ചെടികളുടെ ചെറുപ്രായത്തിൽ ഉപയോഗിച്ചു തുടങ്ങുന്നതാണ് ജൈവ കീടനാശിനികൾ. ഇവ ഉപയോഗിക്കുന്നതിലൂടെ മറ്റു ദോഷവശങ്ങൾ ഒന്നും ഉണ്ടാകുന്നില്ല എന്നതാണ് പ്രത്യേകത.


പദ്ധതിയുടെ തുടർച്ചയായി 10,000 ചതുരശ്ര അടി വിസ്തൃതിയിൽ സംഭരണശാലയും ബാങ്കിന്റെ നേതൃത്വത്തിൽ നിർമിക്കുന്നുണ്ട്. കിഴക്കേ കടുങ്ങല്ലൂരിലെ സർവീസ് സഹകരണ ബാങ്കിന്റെ ഓഫീസ് മന്ദിരത്തോട് ചേർന്നാണ് ഗോഡൗൺ നിർമ്മിക്കുന്നത്. 4% പലിശ നിരക്കിൽ എട്ടു കോടി രൂപയാണ് ചെലവ് കണക്കാക്കുന്നത്. ഇതിൽ രണ്ടു കോടി രൂപ 1% പലിശ നിരക്കിൽ ബാങ്കിന് ലഭിക്കും. കർഷകർ ഉത്പാദിപ്പിക്കുന്ന വിളകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അസംസ്കൃത വസ്തുക്കളും കേടുകൂടാതെ സൂക്ഷിക്കാനാണ് ഗോഡൗൺ നിർമ്മിക്കുന്നത്.



# കമ്പ്യൂട്ടർ ലാബ് സജ്ജമാക്കി മരുതറോഡ് ഗവ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട

**പാലക്കാട്:** മരുതറോഡ് ഗവ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ജില്ലാ പഞ്ചായത്തിന്റെ 202324 വർഷത്തെ പദ്ധതി പ്രകാരം അനുവദിച്ച കമ്പ്യൂട്ടർ ലാബിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ നിർവഹിച്ചു. ജില്ലാ പഞ്ചായത്തിന്റെ 10 ലക്ഷം രൂപ ഫണ്ടിൽ 21 കമ്പ്യൂട്ടറും ഒരു ലാപ്ടോപ്പുമാണ് ലാബിനായി അനുവദിച്ചത്. തുടർന്ന് പരിപാടിയിൽ 202022 അധ്യായന വർഷത്തിൽ പഠനത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ എസ്. അതിഥി, ആർ. രാഹുൽ, ആർ. സ്നേഹ എന്നീ വിദ്യാർഥികളെയും കലാകായിക മത്സരങ്ങളിൽ നിലവാരം പുലർത്തിയ കുട്ടികളെയും ആദരിച്ചു. പരിപാടിയിൽ ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ എ. ഷാബിറ അധ്യക്ഷയായി. ജില്ലാ പഞ്ചായത്ത് സെക്രട്ടറി എം. രാമൻകുട്ടി, സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് സൂപ്രണ്ട് വി. സന്തോഷ്കുമാർ, സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് പി.എസ് സന്തോഷ്, പി.ടി.എ പ്രസിഡന്റ് എം. അഖിലേഷ് കുമാർ, ജി.ഐ ഇൻസ്ട്രക്ടർ ഷർമിളകുമാരി, മറ്റ് അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു.

# നിപ വൈറസ് ബാധ: ഭയം വേണ്ട, പ്രതിരോധം പ്രധാനം



സംസ്ഥാനത്ത് വീണ്ടും നിപ വൈറസ് സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത പുലർത്തണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഈ സാഹചര്യത്തിൽ നിപയെ പറ്റിയുള്ള അടിസ്ഥാന വിവരങ്ങൾ മനസിലാക്കുക എന്നത് അത്യന്തം പ്രാധാന്യമർഹിക്കുന്നതാണ്.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

വവ്വാലുകളിൽ നിന്നും നേരിട്ടോ അല്ലാതെയോ (വവ്വാൽ കടിച്ച പഴങ്ങൾ, വവ്വാലുകളിൽ നിന്നും അണുബാധയുണ്ടായ മറ്റ് മൃഗങ്ങൾ തുടങ്ങിയവ) ആണ് വൈറസ് മനുഷ്യരിൽ എത്തുക.

വൈറസ് ബാധിച്ച ആൾക്ക് രോഗലക്ഷണങ്ങൾ പ്രകടമായതിന് ശേഷം മറ്റുള്ളവരിലേക്ക് സമ്പർക്കത്തിലൂടെ രോഗം പകർത്താൻ കഴിയും.

നിപ വായുവിലൂടെ സാമാന്യം ദൂരത്ത് നിൽക്കുന്നവരിലേക്ക് പകരില്ല, ലക്ഷണമുള്ളവരുമായി അടുത്ത സമ്പർക്കം ഉള്ളവരിലേക്ക് മാത്രമേ (വലിയ കണികകളിലൂടെ) പകരുകയുള്ളൂ.രോഗിയുമായി അടുത്ത് സമ്പർക്കത്തിൽ വരേണ്ടി വന്നാലും എൻ 95 മാസ്കുകളും മറ്റ് സംരക്ഷണ ഉപാധികളും ഉപയോഗിച്ച് രോഗാണുബാധ ഒഴിവാക്കാം.നിപ ബാധ കണ്ടെത്തുന്ന ഇടങ്ങളിൽ പനിയുടെ ലക്ഷണങ്ങൾ ഉള്ള എല്ലാവരും, പ്രത്യേകിച്ച് പനിയോടൊപ്പം തലവേദന, ജെന്നി, പിച്ചും പേയും പറയുക, ചുമ, ശ്വാസതടസത്തിന്റെയോ ശ്വാസം മുട്ടലിന്റെയോ ലക്ഷണങ്ങൾ എന്നിവയിൽ ഒന്നെങ്കിലും ഉള്ളവരും കുടുംബാംഗങ്ങൾ ഉൾപ്പെടെ അവരെ പരിചരിക്കുന്നവരും എൻ 95 മാസ്ക് ധരിക്കേണ്ടതാണ്. രോഗിയുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കുള്ള സാമഗ്രികൾ പ്രത്യേകം സൂക്ഷിക്കുകയും ഉപയോഗിക്കുകയും ചെയ്യുക.എല്ലാ ആരോഗ്യപ്രവർത്തകരും രോഗികളെ കാണുന്ന സമയങ്ങളിൽ എൻ 95 മാസ്കുകൾ ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. രോഗിക്ക് രോഗലക്ഷണങ്ങൾ ഉണ്ടായിരുന്ന സമയത്ത് അയാളുമായി സമ്പർക്കത്തിൽ വന്നവരും, അത്തരത്തിൽ ഉണ്ടാകാൻ സാധ്യതയുള്ളവരും ആരോഗ്യവകുപ്പിനെ ഫോൺ മുഖാന്തിരം വിവരമറിയിക്കുകയും, വീട്ടിലുള്ളവരുമായും മറ്റുള്ളവരുമായും സമ്പർക്കമൊന്നുമില്ലാതെ ആരോഗ്യവകുപ്പ് നിർദേശിക്കുന്ന അത്രയും സമയം വീട്ടിൽ തന്നെ കഴിയുകയും വേണം. ഈ സമയം എല്ലാ ദിവസവും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥന്മാരുമായി ഫോണിൽ ബന്ധപ്പെടുകയും എന്തെങ്കിലും രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്ന പക്ഷം ഉദ്യോഗസ്ഥർ നിർദേശിക്കുന്ന മാർഗത്തിലൂടെ മാത്രം ചികിത്സ തേടണം. ഇത്തരത്തിൽ വീടുകളിൽ ക്വാറന്റീനിൽ കഴിയുന്ന ആളുകളുടെ ഭയം ദൂരീകരിക്കുന്നതിനായി കൗൺസിലിങ് സൗകര്യം ഏർപ്പെടുത്തുന്നതാണ്.അവസാന രോഗിയെ കണ്ടെത്തി ഏതാണ്ട് ഒരു മാസക്കാലത്തേക്ക് പുതിയ രോഗികൾ ഇല്ലാതെയാകുന്നു എങ്കിൽ മാത്രമേ നിപ നിയന്ത്രണ വിധേയമായി എന്ന് കരുതാൻ കഴിയുകയുള്ളൂ. അതുകൊണ്ട് തന്നെ നീണ്ടുനിൽക്കുന്ന ജാഗ്രത ആവശ്യമാണ്.

അതേസമയം കോവിഡ്, ചിക്കൻപോക്സ് തുടങ്ങിയ രോഗങ്ങളെപ്പോലെ ഒരു വലിയ സമൂഹത്തിലേക്ക് വായുവിലൂടെ പടർന്നുപിടിക്കാനുള്ള സാധ്യത ഇല്ലാത്തതിനാൽ സാമാന്യ ജനങ്ങൾ ഭയപ്പെടേണ്ടതില്ല. എല്ലാവരും ഒത്തുചേർന്ന് പ്രവർത്തിച്ചാൽ നമുക്ക് ഈ പ്രശ്നത്തെ വേഗം മറികടക്കാം

**നിപ വൈറസ്**

ആർ.എൻ.എ. വൈറസുകളിൽ ഒന്നായ പാരാമിക്സോ വൈറിഡേ കുടുംബത്തിലെ ഹെനിപാ വൈറസുകളിൽ ഒന്നായിട്ടാണ് നിപ വൈറസിനെ വർഗീകരിച്ചിരിക്കുന്നത്. ഇത് പ്രാഥമികയും വവ്വാലുകളിലാണ് കാണപ്പെടുന്നത്. ഐസിഎംആർ നടത്തിയ പഠനങ്ങൾ പ്രകാരം കേരളം ഉൾപ്പെടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വവ്വാലുകളിൽ നിപ വൈറസിന്റെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. പന്നികൾ പോലെയുള്ള മറ്റ് മൃഗങ്ങളും രോഗാണുവാഹകരാകാം എങ്കിലും ഇന്ത്യയിൽ നിന്നും അതിന്റെ തെളിവുകൾ ലഭിച്ചിട്ടില്ല. മനുഷ്യനിലേക്ക് വൈറസ് എത്തിക്കഴിഞ്ഞാൽ മറ്റുള്ളവരിലേക്ക് സമ്പർക്കത്തിലൂടെ പകരാം. അസുഖബാധയുള്ളവരെ പരിചരിക്കുന്നവരിലേക്കും ആരോഗ്യപ്രവർത്തകരിലേക്കും മറ്റു രോഗികളിലേക്കുമൊക്കെ രോഗം പകരാം എന്നതിനാൽ ആശുപത്രികളിലെ രോഗാണുബാധ നിയന്ത്രണം അത്യധികം പ്രാധാന്യമർഹിക്കുന്നു.

**രോഗലക്ഷണങ്ങൾ**

വൈറസ് ശരീരത്തിനുള്ളിൽ പ്രവേശിച്ച് രോഗലക്ഷണങ്ങൾ പ്രകടമാകാനെടുക്കുന്ന കാലയളവ് (ഇൻകുബേഷൻ പീരീഡ്) 4 മുതൽ 14 ദിവസം വരെയാണ്. ഇത് ചിലപ്പോൾ 21 ദിവസം വരെയാകാം. പനിയോടൊപ്പം തലവേദന, ജെന്നി, പിച്ചും പേയും പറയുക, ചുമ, ശ്വാസതടസത്തിന്റെയോ ശ്വാസം മുട്ടലിന്റെയോ ലക്ഷണങ്ങൾ എന്നിവയിൽ ഒന്നോ അതിലധികമോ പ്രത്യക്ഷപ്പെടാം. ഇതിൽ ശ്വാസകോശ സംബന്ധിയായ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ മറ്റുള്ളവർക്ക് പകർന്നുകിട്ടാനുള്ള സാധ്യത കൂടുതലാണ്. രോഗലക്ഷണങ്ങൾ സമയം കഴിയും തോറും വർധിച്ചു വരാം എന്നതും, രോഗതീവ്രത വർധിക്കുന്നതനുസരിച്ച് രോഗവ്യാപനസാധ്യത വർധിച്ചേക്കാം എന്നതും നിപ രോഗത്തിന്റെ പ്രത്യേകതയാണ്.

**രോഗ സ്ഥിരീകരണം**

തൊണ്ടയിൽ നിന്നും മൂക്കിൽ നിന്നുമുള്ള സ്രവം, രക്തം, മൂത്രം, തലച്ചോറിലെ നീരായ സെറിബ്രോ സ്പൈനൽ ഫ്ളൂയിഡ് എന്നിവയിൽ നിന്നുമെടുക്കുന്ന സാമ്പിളുകൾ ആർ.ടി.പി.സി.ആർ. പരിശോധന വഴിയാണ് രോഗം സ്ഥിരീകരിക്കുന്നത്.

**രോഗചികിത്സ**

രോഗം വളരെ നേരത്തെ കണ്ടെത്താൻ കഴിയുന്ന രോഗികളിൽ അതിൽത്തന്നെ അണുബാധയും രോഗലക്ഷണങ്ങളും രൂക്ഷമല്ലാത്തവരിൽ ആന്റിവൈറൽ മരുന്നുകളും മറ്റും ഫലം കണ്ടേക്കാം എങ്കിലും, നിപ വൈറസിന്റെ നമ്മുടെ നാട്ടിൽ കണ്ടുവരുന്ന ഉപവിഭാഗത്തിൽ മരണനിരക്ക് വളരെ കൂടുതലാണ്. അതിനാൽ കൂടുതൽ ആളുകൾ രോഗികളാകുന്നത് തടയുക എന്നതാണ് ഏറ്റവും മികച്ച പ്രതിരോധം.

രോഗി/രോഗികളുമായി ഇതിനകം തന്നെ സമ്പർക്കത്തിൽ വന്നവരോ വന്നിരിക്കാൻ സാധ്യതയുള്ളവരോ സ്വീകരിക്കേണ്ട മുൻകരുതലുകൾ

ആരോഗ്യവകുപ്പിനെ ഫോൺ മുഖാന്തിരം വിവരമറിയിക്കുകയും, വീട്ടിലുള്ളവരുമായും മറ്റുള്ളവരുമായും സമ്പർക്കമൊന്നുമില്ലാതെ ആരോഗ്യവകുപ്പ് നിർദേശിക്കുന്ന അത്രയും സമയം വീട്ടിൽ തന്നെ കഴിയുകയും വേണം. ഈ സമയം എല്ലാ ദിവസവും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥന്മാരുമായി ഫോണിൽ ബന്ധപ്പെടുകയും എന്തെങ്കിലും രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്ന പക്ഷം ഉദ്യോഗസ്ഥർ നിർദേശിക്കുന്ന മാർഗത്തിലൂടെ മാത്രം ചികിത്സ തേടണം. ഇത്തരത്തിൽ വീടുകളിൽ ക്വാറന്റീനിൽ കഴിയുന്ന ആളുകളുടെ ഭയം ദൂരീകരിക്കുന്നതിനായി കൗൺസിലിങ് സൗകര്യം ഏർപ്പെടുത്തുന്നതാണ്.

**പൊതുജനങ്ങൾ ഈ സമയത്ത് സ്വീകരിക്കേണ്ട മുൻകരുതലുകൾ**

മറ്റുള്ളവരുമായി ഇടപെടുന്ന സമയത്ത് കൃത്യമായി മാസ്ക് ഉപയോഗിക്കുക, സാമൂഹിക അകലം പാലിക്കുക.

ഇടയ്ക്കിടയ്ക്ക് കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് 20 സെക്കന്റെടുത്ത് നന്നായി കഴുകുക. ഇത് ലഭ്യമല്ലെങ്കിൽ ആൾക്കഹോൾ അടങ്ങിയ സാനിറ്റൈസർ ഉപയോഗിച്ച് കൈ വൃത്തിയാക്കണം.

പനിയുടെ ലക്ഷണങ്ങൾ ഉള്ള എല്ലാവരും, പ്രത്യേകിച്ച് പനിയോടൊപ്പം തലവേദന, ജെന്നി, പിച്ചും പേയും പറയുക, ചുമ, ശ്വാസതടസത്തിന്റെയോ ശ്വാസം മുട്ടലിന്റെയോ ലക്ഷണങ്ങൾ എന്നിവയിൽ ഒന്നെങ്കിലും ഉള്ളവരും കുടുംബാംഗങ്ങൾ ഉൾപ്പെടെ അവരെ പരിചരിക്കുന്നവരും എൻ 95 മാസ്ക് ധരിക്കേണ്ടതാണ്.

രോഗിയുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കുള്ള സാമഗ്രികൾ പ്രത്യേകം സൂക്ഷിക്കുകയും ഉപയോഗിക്കുകയും ചെയ്യുക.

**രോഗം പടരാതിരിക്കാൻ വേണ്ടി ആശുപത്രികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

സംശയിക്കപ്പെടുന്ന രോഗലക്ഷണങ്ങളുമായി വരുന്ന എല്ലാ രോഗികളെയും ഐസലേഷൻ വാർഡിൽ പ്രവേശിപ്പിക്കുക

രോഗമുണ്ടെന്ന് സംശയിക്കുന്ന ആളുകളോട് സംസാരിക്കുമ്പോഴും പരിശോധിക്കുമ്പോഴും, മറ്റു ഇടപഴകലുകൾ നടത്തുമ്പോഴും കയ്യുറകളും മാസ്കും ധരിക്കുക

സാംക്രമിക രോഗങ്ങളിൽ എടുക്കുന്ന എല്ലാ മുൻകരുതലുകളും ഇത്തരം രോഗികളിലും എടുക്കുക, രോഗമുണ്ടെന്നു സംശയിക്കുന്ന രോഗി അഡ്മിറ്റ് ആയാൽ അധികൃതരെ വിവരം അറിയിക്കുക.

**സ്വീകരിക്കേണ്ട സുരക്ഷാ രീതികൾ**

ആൾക്കഹോൾ അടങ്ങിയ ഹാൻഡ് റബ്ബുകൾ ഉപയോഗിച്ച് കൈ കഴുകുക

രോഗി, രോഗ ചികിത്സക്ക് ഉപയോഗിച്ച ഉപകരണങ്ങൾ രോഗിയുടെ വസ്ത്രം, വിരി മുതലായവയെല്ലാം സുരക്ഷിതമായി മാത്രം കൈകാര്യം ചെയ്യുക

സംശയിക്കപ്പെടുന്ന രോഗികളെ മറ്റു രോഗികളുമായുള്ള ഇടപഴകൽ തീർത്തും ഒഴിവാക്കി വേർതിരിച്ച് പ്രത്യേക വാർഡുകളിലേക്ക് മാറ്റുക.

ഇത്തരം വാർഡുകളിൽ ആരോഗ്യരക്ഷാ പ്രവർത്തകരുടെ എണ്ണം പരിമിതപ്പെടുത്തുക.

രണ്ട് രോഗികളുടെ കട്ടിലിനിടയിൽ ഒരു മീറ്റർ അകലമെങ്കിലും ഉറപ്പാക്കുക

**സ്വയം രക്ഷാ സജ്ജീകരണങ്ങളുടെ ഉപയോഗം**

മാസ്ക്, കൈയുറ (ഗ്ലൗസ്), ഗൗൺ എന്നിവയൊക്കെ ഉൾപ്പെടുന്ന പിപിഇ കിറ്റ് രോഗിയുമായി ഇടപഴകുമ്പോൾ ഉടനീളം ഉപയോഗിക്കേണ്ടതാണ്. തീർത്തും സൂക്ഷ്മമായ വായുവിലെ കണങ്ങളിൽ 95 ശതമാനവും ശ്വസിക്കുന്നത് തടയാൻ കഴിയുന്ന എൻ95 മാസ്കുകൾ രക്തവും സ്രവങ്ങളും ടെസ്റ്റിനായെടുക്കുമ്പോഴും ട്യൂബ് ഇടുന്നത് പോലുള്ള ഇടപെടൽ വേളയിലും നിഷ്കർഷിക്കേണ്ടതാണ്.

കൈകൾ സോപ്പുപയോഗിച്ച് 20 സെക്കന്റെങ്കിലും വൃത്തിയായി കഴുകുക.

അണുനാശികാരികളായ ക്ലോറോഹെക്സിഡൈൻ അല്ലെങ്കിൽ ആൾക്കഹോൾ അടങ്ങിയ ഹസ്ത ശുചികരണ ദ്രാവകങ്ങൾ കൊണ്ട് ശുശ്രൂഷയ്ക്ക് ശേഷം കൈ കഴുകേണ്ടതാണ്

ശുശ്രൂഷയ്ക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങളും മറ്റ് വസ്തുക്കളും പരമാവധി ഡിസ്പോസബിൾ ആവുന്നതാണ് ഉത്തമം. പുനരുപയോഗം അനിവാര്യമെങ്കിൽ ശരിയായ രീതിയിൽ അണു നശീകരണത്തിന് ശേഷം മാത്രമെന്ന് ഉറപ്പ് വരുത്തണം.

**സ്വീകരിക്കേണ്ട മുൻകരുതലുകൾ**

കഴിവതും വവ്വാലിന്റെ ആവാസ കേന്ദ്രങ്ങളിൽ പോകരുത്. വവ്വാൽ കടിച്ച പഴങ്ങളോ മറ്റോ സ്പർശിക്കാനോ കഴിക്കാനോ പാടില്ല.

വവ്വാലുകൾ വളർത്തുക, അവയുടെ മാംസം ഭക്ഷിക്കുക, അവയുടെ കുഞ്ഞുങ്ങളെ കൈകാര്യം ചെയ്യുക തുടങ്ങിയവ ഒരു കാരണവശാലും ചെയ്യരുത്.

വവ്വാൽ കടിച്ചതായി സംശയിക്കുന്ന പഴങ്ങൾ, അവയുടെ വിസർജ്ജ്യമോ ശരീരസ്രവങ്ങളോ പുരണ്ട പ്രതലങ്ങൾ തുടങ്ങിയവയുമായി സമ്പർക്കത്തിൽ വന്നാൽ കൈകൾ ഉടനടി സോപ്പും വെള്ളവും ഉപയോഗിച്ച് വൃത്തിയാക്കുക.



# അരൂർ ജലോത്സവത്തിന് പവലിയൻ ഒരുങ്ങുന്നു

**ആലപ്പുഴ:** അരൂർ കൈതപ്പുഴ കായലിൽ നടക്കുന്ന അരൂർ ജലോത്സവത്തിന് പവലിയൻ നിർമിക്കുന്നു. ദലീമ ജോജോ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 30 ലക്ഷം രൂപ ചെലവഴിച്ചാണ് അരൂർ അരുക്കുറ്റി പാലത്തിനോട് ചേർന്ന് പവലിയൻ നിർമിക്കുന്നത്.

നിർമാണ പ്രവർത്തനങ്ങൾക്ക് മുന്നോടിയായി ദലീമ ജോജോ എം.എൽ.എ. സ്ഥലം സന്ദർശിച്ചു. ഉദ്യോഗസ്ഥർ നൽകുന്ന എസ്റ്റിമേറ്റിന്റെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുമെന്ന് എം.എൽ.എ. പറഞ്ഞു.

# സുരക്ഷാ 2023: തിരുനെല്ലിയിൽ പൂർത്തിയായി

**വയനാട്:** സുരക്ഷാ 2023 പദ്ധതി തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ പൂർത്തിയായി. പഞ്ചായത്തിലെ അർഹരായ മുഴുവൻ കുടുംബങ്ങളെയും പ്രധാനമന്ത്രി സുരക്ഷാ ഭീമായോജനാ പദ്ധതിയിൽ ഉൾപ്പെടുത്തി. തിരുനെല്ലി ഗ്രാമ പഞ്ചായത്ത് ഓഫീസിൽ നടന്ന യോഗം ഒ.ആർ കേളു എം.എൽ.എ ഉദ്ഘാടനം ചെയ്തു. പദ്ധതി പൂർത്തീകരിക്കാൻ നേതൃത്വം നൽകിയ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി.വി ബാലകൃഷ്ണന് എം.എൽ.എ അനുമോദന പത്രം കൈമാറി. ജില്ലയിലെ അർഹരായ മുഴുവൻ ആളുകളെയും കേന്ദ്ര ഗവൺമെന്റിന്റെ സുരക്ഷാപദ്ധതികളിൽ ഉൾപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ജില്ലാ ഭരണകൂടത്തിന്റെയും ഭാരതീയ റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ലീഡ് ബാങ്ക് നടപ്പിലാക്കുന്ന ക്യാമ്പയിനാണ് സുരക്ഷ 2023. തിരുനെല്ലി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി.വി ബാലകൃഷ്ണന്റെ നേതൃത്വത്തിൽ വാർഡ് മെമ്പർമാർ, കാട്ടിക്കുളം കേരള ഗ്രാമീണ ബാങ്ക് മാനേജർ പി.ജെ സണ്ണി, സാമ്പത്തിക സാക്ഷരതാ കൗൺസിലർ സുബ്രമണ്യൻ, കുടുബശ്രീ പ്രവർത്തകർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പദ്ധതി പൂർത്തീകരിച്ചത്. മാനന്തവാടി ബ്ലോക്ക് വൈസ് പ്രസിഡന്റ് എ.കെ ജയഭാരതി, നബാർഡ് അസിസ്റ്റന്റ് ജനറൽ മാനേജർ വി. ജിഷ, ലീഡ് ഡിസ്ട്രിക്ട് മാനേജർ ബിബിൻ മോഹൻ, സാമ്പത്തിക സാക്ഷരതാ കൗൺസിലർ സുബ്രമണ്യൻ തുടങ്ങിയവർ സംസാരിച്ചു.



# വെള്ളക്കെട്ട്: ബൈപാസ് നിർമാണം ഇഴയുന്നു

**കയ്പമംഗലം:** കനത്ത മഴയിലുണ്ടായ വെള്ളക്കെട്ടിൽ മൂന്നുപീടിക ബൈപാസ് നിർമാണം ഇഴയുന്നു. പണി പുരോഗമിക്കുന്നതിനിടെയാണ് മഴയും വെള്ളക്കെട്ടും. വഴിയമ്പലം മുതൽ കൊറ്റംകുളം വരെയുള്ള താഴ്ന്ന പ്രദേശത്താണ് ബൈപാസ്. ഇരു ഭാഗത്തും കാനയുടെ പണി ഭൂരിഭാഗവും കഴിഞ്ഞനിലയിലാണ്. പ്രധാന അടിപ്പാതകളുടെ നിർമാണവും പാതിവഴിയിലാണ്.

താഴ്ന്ന ഭാഗങ്ങളിൽ വെള്ളം കെട്ടിനിൽക്കുന്നതാണ് പ്രധാന തടസ്സം. നിർമാണ സാമഗ്രികളും വെള്ളത്തിലായി. തൊഴിലാളികൾ മറ്റു സ്ഥലങ്ങളിലേക്ക് മാറി. ബൈപാസ് കടന്നുപോയിരുന്ന സ്ഥലത്തെ തോടുകളും കാനകളും അടഞ്ഞുപോയതാണ് വെള്ളക്കെട്ടിനു പ്രധാന കാരണം. മഴ തുടർന്നാൽ വെള്ളക്കെട്ട് രൂക്ഷമാകും.

# ഹിൽ ഗാർഡൻ ടൂറിസം പദ്ധതിരേഖ ജില്ലാ ഭരണകൂടത്തിന് കൈമാറി

**കട്ടപ്പന:** കല്യാണത്തണ്ട് ഹിൽ ഗാർഡൻ ടൂറിസം പദ്ധതിയുടെ അന്തിമ പദ്ധതിരേഖ ജില്ലാ ഭരണകൂടത്തിന് കട്ടപ്പന നഗരസഭ കൈമാറി. ആറരക്കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന വമ്പൻ ടൂറിസം പദ്ധതിയാണ് കട്ടപ്പന നഗരസഭ കല്യാണത്തണ്ടിൽ ഹിൽ ഗാർഡൻ പാർക്ക് എന്ന പേരിൽ ആവിഷ്കരിച്ചിരിക്കുന്നത്.



സർക്കാർവക ഭൂമിയിലാണ് നഗരസഭ പാർക്ക് നിർമിക്കാൻ ഒരുങ്ങുന്നത്. നിർമിതിയുടെ സഹകരണത്തോടെയാണ് രൂപരേഖ തയാറാക്കിയത്. പദ്ധതിക്കായി അഞ്ചേക്കർ സ്ഥലം വിട്ടുനൽകണമെന്ന് നഗരസഭ ജില്ലാ ഭരണകൂടത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആദ്യ ഘട്ടമായി മുപ്പതു ലക്ഷം രൂപ മുടക്കിൽ വാച്ച് ടവർ നിർമിക്കും.തുടർന്ന് രണ്ടര വർഷത്തിനുള്ളിൽ ഗാർഡൻ പാർക്ക്, കഫ്റ്റേരിയ, ടോയ്‌ലറ്റ് കോംപ്ലക്സ്,റെയ്ൻ ഷെൽട്ടർ, ചിൽഡ്രൻസ് പ്ലേ പാർക്ക് തുടങ്ങിയവ പൂർത്തിയാക്കും. പദ്ധതി നടപ്പാക്കുന്നതിന് എം പി, എം എൽഎ ഫണ്ടുകൾ ലഭ്യമാക്കുന്നതിനു നഗരസഭ ആലോചിക്കുന്നുണ്ട്.ഗാർഡൻ പാർക്ക് യാഥാർഥ്യമായാൽ ഇടുക്കിയിലെ ടൂറിസം ഭൂപടത്തിൽ കല്യാണത്തണ്ടും ഇടംപിടിക്കുമെന്നാണ് നഗരസഭ പ്രതീക്ഷിക്കുന്നത്.

# ഇടക്കൊച്ചി മലിനജല സംസ്കരണ പ്ലാൻറ് നിർമാണം അനിശ്ചിതത്വത്തിൽ

**കൊച്ചി:** കേന്ദ്ര സർക്കാരിൻറെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ഇടക്കൊച്ചിയിൽ നിർമിക്കാൻ തീരുമാനിച്ച മലിനജല സംസ്കരണ പ്ലാൻറിനെതിരെ പ്രദേശവാസികൾ എതിർപ്പുമായി രംഗത്തെത്തിയതോടെ പദ്ധതി വീണ്ടും അനിശ്ചിതത്വത്തിലായി.



നിർമാണത്തിനുള്ള മണ്ണ് പരിശോധന ഉൾപ്പടെ തടസപ്പെടുത്തിയാണ് ഒരു വിഭാഗം പ്രദേശവാസികൾ പ്രതിഷേധിക്കുന്നത്. പദ്ധതി സംബന്ധിച്ച് പൊതുജനങ്ങളുടെ ആശങ്കകൾക്ക് ഉത്തരം നൽകാനായി ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കഴിഞ്ഞ മാസം വിളിച്ചുചേർത്ത യോഗം സമീപവാസികൾ ബഹിഷ്കരിച്ചിരുന്നു.

തുടർന്നാണ് മണ്ണു പരിശോധനയ്ക്കെത്തിയ ഉദ്യോഗസ്ഥരെ ജനം തടഞ്ഞത്. പ്രദേശത്തെ 120ളം വീട്ടുകാരാണ് എതിർപ്പുമായി രംഗത്തുള്ളത്. പദ്ധതി സംബന്ധിച്ച് കോർപറേഷൻ നൽകുന്ന വിശദീകരണങ്ങളിൽ തൃപ്തിയില്ലെന്നാണ് പ്രതിഷേധക്കാരുടെ നിലപാട്.

ഇടക്കൊച്ചിയിലെ 2,200 വീടുകൾ, വ്യാപാര, വ്യവസായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മലിനജലം, അലക്കുവെള്ളം, ടോയ് ലറ്റ് ഫ്ളഷിംഗ് വെള്ളം, സെപ്റ്റേജ് ഔട്ട് ലൈറ്റിൽ നിന്നുള്ള വെള്ളം എന്നിവ പൈപ്പുവഴി പ്ലാൻറിൽ എത്തിച്ച് സംസ്കരിക്കുന്നതാണ് പദ്ധതി. പ്രതിദിനം 11 ലക്ഷം ലിറ്റർ മലിനജലം പ്ലാൻറിൽ സംസ്കരിക്കും. ഈ ജലം പുനരുപയോഗിക്കാം.

ഒരു വർഷത്തിനകം പൂർത്തിയാക്കേണ്ട പദ്ധതിക്ക് 18 കോടി രൂപയാണ് ചെലവ്. പ്ലാൻറിൽ കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിലെ ആശങ്ക ഉയർത്തിയാണ് ഒരു വിഭാഗം എതിർപ്പുമായി എത്തിയത്. ഇത്തരത്തിൽ എതിർപ്പുമായി നിന്നാൽ പദ്ധതിയുടെ മുന്നോട്ടുള്ള പോക്ക് അനിശ്ചിതത്വത്തിലാകുമെന്ന് ആശങ്കയിലാണ് കോർപറേഷൻ.

എതിർപ്പ് തുടർന്നാൽ പദ്ധതി നഷ്ടമായേക്കുമെന്ന് മേയർ എം. അനിൽകുമാർ ആശങ്ക അറിയിച്ചു. 16ാം ഡിവിഷനിൽ കോർപ്പറേഷൻറെ ഉടമസ്ഥതയിലുള്ള മൂന്നര ഏക്കർ സ്ഥലമാണ് പദ്ധതിക്കായി ഉപയോഗിക്കുന്നത്. ജനങ്ങളുടെ തെറ്റിദ്ധാരണകൾ ഒഴിവാക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

# ഫ്ളോട്ടിംഗ് ബ്രിഡ്ജ് ബ്ലാങ്ങാട് ബീച്ചിൽ: ഉദ്ഘാടനം അടുത്ത മാസം

**ചാവക്കാട്:** ജില്ലയിലെ ആദ്യ ഫ്ളോട്ടിംഗ് ബ്രിഡ്ജ് ചാവക്കാട്ട് ബ്ലാങ്ങാട് ബീച്ചിൽ ഒരുങ്ങുന്നതായി എൻ.കെ. അക്ബർ എംഎൽഎ അറിയിച്ചു.

ഇതിൻറെ നിർമാണപ്രവർത്തനങ്ങൾ എറെക്കുറെ പൂർത്തിയായതിനെ തുടർന്ന് കഴിഞ്ഞ ദിവസം പരീക്ഷണാടിസ്ഥാനത്തിൽ ഇത് പ്രവർത്തിപ്പിച്ചു. ചില വകുപ്പുകളിൽനിന്ന് അനുമതി കിട്ടിയാലുടൻ ഇതിൻറെ ഉദ് ഘാടനം നടക്കും.



നൂറ് മീറ്റർ നീളമാണ് ഫ്ളോട്ടിംഗ് ബ്രിഡ്ജിനുള്ളത്. വിനോദ സഞ്ചാര വകുപ്പുമായി സഹകരിച്ചായിരിക്കും പദ്ധതി.

തീരദേശ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി സംസ്ഥാനത്തെ 10 ജില്ലകളിൽ കൂടി ഫ്ളോട്ടിങ് ബ്രിഡ്ജ് സ്ഥാപിക്കുമെന്ന് വിനോദസഞ്ചാര വകുപ്പ് മുമ്പ് അറിയിച്ചിരുന്നു.

ഇതിൻറെ ഭാഗമായാണ് ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ വിനോദ സഞ്ചാരികളെത്തുന്ന ചാവക്കാട് ബീച്ചിനെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയത്.

കോഴിക്കോട് ബേപ്പൂർ ബീച്ചിലാണ് സംസ്ഥാനത്ത് ആദ്യമായി ഫ്ളോട്ടിങ് ബ്രിഡ്ജ് സ്ഥാപിച്ചത്.

# കേരളത്തിലെ ആദ്യത്തെ 'ഗോ ദി ഡിസ്റ്റൻസ്' ഫുട്ബോൾ പിച്ച് കൊച്ചിയിൽ



**കൊച്ചി:** ഉപയോഗ്യശൂന്യമായ ടയറുകൾ ഉപയോഗിച്ചുള്ള സംസ്ഥാനത്തെ ആദ്യ ഗോ ദി ഡിസ്റ്റൻസ് (ജി.ടി.ഡി) ഫുട്ബോൾ പിച്ച് കൊച്ചിയിൽ ഒരുങ്ങുന്നു. പ്രമുഖ ടയർ നിർമ്മാതാക്കളായ അപ്പോളോ ടയേഴ്സാണ് കൊച്ചി ചിലവന്നൂരിലെ ഗാമാ ഫുട്ബോൾ ടർഫിൽ പിച്ച് നിർമ്മിക്കുന്നത്. ദേശീയ ഫുട്ബോൾ ടീം അംഗങ്ങളായ ആഷിക് കുരുണിയനും അനസ് എടത്തൊടികയും ചേർന്ന് നിർമ്മാണോദ്ഘാടനം നിർവഹിച്ചു.ഉപയോഗ്യ ശൂന്യമായ ടയറുകളെ പുനരുപയോഗിക്കുകയും രാജ്യത്തിന്റെ കായിക മേഖലയിൽ വലിയ മുന്നേറ്റങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ അപ്പോളോ ടയേഴ്സ് ആവിഷ്കരിച്ച് നടപ്പാക്കുന്ന സംരംഭമാണ് ഗോ ദി ഡിസ്റ്റൻസ് പിച്ചുകൾ. അപ്പോളോയുടെ ടയറുകളിൽ നിന്ന് 100 ശതമാനം പുനർനിർമ്മിച്ച റബ്ബർ ഉപയോഗിച്ചാണ് കൃത്യമ പിച്ച് നിർമ്മിക്കുന്നത്.ക്ലബ് ഫുട്ബോൾ ലോകത്തെ അതികായരായ മാഞ്ചസ്റ്റർ യുണൈറ്റഡിന്റെ ഹോം ഗ്രൗണ്ടായ ഓൾഡ് ട്രാഫോർഡ്സിലെ നോർത്ത് സ്റ്റാൻഡിന് സമീപത്തായിരുന്നു ആദ്യത്തെ ജി.ടി.ഡി പിച്ച് സ്ഥാപിച്ചിരുന്നത്. ഇംഗ്ലണ്ടിന് പുറമേ തായ്ലാൻഡ്, ഇന്ത്യ എന്നിവിടങ്ങളിലായി 15 പിച്ചുകളാണ് ഇത് വരെ സ്ഥാപിച്ചിട്ടുള്ളത്. 16മത് പിച്ചാണ് കൊച്ചിയിൽ നിർമ്മിക്കുന്നത്. ഇതിനായി അപ്പോളോ അധികൃതർ ഗ്രൗണ്ട് ഏറ്റെടുത്തു. മാഞ്ചസ്റ്റർ യുണൈറ്റഡ് സോക്കർ സ്കൂളുമായി ചേർന്ന് അപ്പോളോ ടയേഴ്സ് നടത്തുന്ന യുണൈറ്റഡ് വീ പ്ലേ പദ്ധതി, ഹോട്ട്ഫുട്ടിനൊപ്പം നടത്തുന്ന അക്കാദമിക് പരിപാടികൾ, കളിക്കാരുടെ നൈപുണ്യ വികസന പദ്ധതികൾ തുടങ്ങിയവയെല്ലാം ഇവിടെയും ലഭ്യമാക്കാനാണ് അധികൃതരുടെ ശ്രമം160 അടി നീളവും 90 അടി വീതിയുമുള്ള പിച്ച് നിർമ്മിക്കാൻ 1,500 ഓളം കാർ ടയറുകളാണ് ഉപയോഗിക്കുന്നത്. ടയറുകളെ പൊടിച്ച് റബർ ക്രംബ് രൂപത്തിലേക്ക് മാറ്റിയാണ് പിച്ച് നിർമാണത്തിന് ഉപയോഗിക്കുന്നത്. 7,500 കിലോഗ്രാം ക്രംബാണ് ഇതിനായി വേണ്ടി വരുന്നത്.കേരളത്തിലെ ഫുട്ബോൾ പ്രേമികൾക്കും യുവതാരങ്ങൾക്കും കൂടുതൽ അവസരങ്ങൾ ഒരുക്കാനാണ് ലക്ഷ്യമിടുന്നതെന്ന് അപ്പോളോ ടയേഴ്സ് ലിമിറ്റഡിന്റെ ഏഷ്യാ പസഫിക്, മിഡിൽ ഈസ്റ്റ് ആൻഡ് ആഫ്രിക്ക മാർക്കറ്റിംഗ് ഗ്രൂപ്പ് ഹെഡ് വിക്രം ഗാർഗ പറഞ്ഞു. 1970ൽ അപ്പോളോയുടെ ആദ്യ നിർമ്മാണ യൂണിറ്റ് പേരാമ്പ്രയിൽ സ്ഥാപിതമായത് മുതൽ കേരളവുമായി തങ്ങൾക്ക് ദീർഘമായ വൈകാരിക ബന്ധമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അപ്പോളോ ടയേഴ്സ് ലിമിറ്റഡ് സ്പോർട്സ് മാർക്കറ്റിംഗ് വിഭാഗം മേധാവി റെമൂസ് ഡിക്രൂസും പരിപാടിയിൽ പങ്കെടുത്തു.

# ഇന്ത്യ ബൈക്ക് വീക്ക് 2023ൽ പങ്കാളികളായി ഗൾഫ് ഓയിൽ

**കൊച്ചി:** ഗൾഫ് ഓയിൽ ലൂബ്രിക്കൻറ്സ് ഇന്ത്യ ലിമിറ്റഡ് ഇന്ത്യ ബൈക്ക് വീക്ക് 2023 (ഐബിഡബ്ല്യു) മായുള്ള പങ്കാളിത്തം പ്രഖ്യാപിച്ചു. ഐബിഡബ്ല്യുവിൻറെ ചായ്പക്കോഡ റൈഡ്സ് അവതരിപ്പിക്കുന്നവർ എന്ന നിലയിൽ രാജ്യത്തുടനീളമുള്ള ബൈക്ക് യാത്രക്കാരുടെയും അനുഭാവികളുടെയും എക്സ്പീരിയൻസ് വർധിപ്പിക്കുന്നതിനുള്ള ഗൾഫ് ഓയിൽ ലൂബ്രിക്കൻറ്സിൻറെ പ്രതിബദ്ധതയുടെ ഭാഗമാണ് ഈ സഹകരണമെന്ന് ഗൾഫ് ഓയിൽ ലൂബ്രിക്കൻറ്സ് ഇന്ത്യ ലിമിറ്റഡിൻറെ മാർക്കറ്റിങ് ഹെഡ് അമിത് ഗെജി പറഞ്ഞു.മോട്ടോർ സൈക്കിളുകൾക്കുള്ള ലൂബ്രിക്കൻറുകളുടെ മുൻനിര ദാതാവാണ് ഗൾഫ് ഓയിൽ ലൂബ്രിക്കൻറ്സ്. ഇന്ത്യയിലെ ഏറ്റവും വലിയ മോട്ടോർസൈക്കിൾ ഫെസ്റ്റിവൽ ആണ് ഐബിഡബ്ല്യു. ബൈക്ക് റൈഡർമാർക്ക് അവിസ്മരണീയമായ അനുഭവം നൽകാനാണ് ഈ സഹകരണത്തിലൂടെ ഇരുവരും ലക്ഷ്യമിടുന്നത്.ബൈക്കിങ് പ്രേമികളെയും സാഹസികത ഇഷ്ടപ്പെടുന്നവരെയും ഒരുമിക്കുന്ന പരിപാടിയാണ് ഏഷ്യയിലെ പ്രധാന മോട്ടോർ സൈക്കിൾ ഫെസ്റ്റിവലായ ഇന്ത്യ ബൈക്ക് വീക്ക്. പുതിയ ബൈക്ക് അവതരണം ഉൾപ്പെടെ ചടങ്ങിൽ നടക്കും. 2023 ഡിസംബർ 8, 9 തീയതികളിൽ ഗോവയിലാണ് ദ്വിദിന പരിപാടി. രാജ്യത്തുടനീളമുള്ള 20,000ത്തിലധികം ബൈക്ക് റൈഡർമാർ ഈ ജനപ്രിയ പരിപാടിയുടെ ഭാഗമാവും.രാജ്യത്തെ ഏറ്റവും വലിയ മോട്ടോർസൈക്കിൾ ഉത്സവമായ ഇന്ത്യ ബൈക്ക് വീക്കുമായി സഹകരിക്കുന്നതിൽ ആവേശഭരിതരാണെന്നും അമിത് ഗെജി പറഞ്ഞു. മോട്ടോർ സൈക്കിൾ ഉടമകൾക്ക് മൊത്തത്തിലുള്ള റൈഡിങ് അനുഭവം വർധിപ്പിക്കുന്നതിനുള്ള തങ്ങളുടെ ദൗത്യത്തിൽ ഈ ഇടപെടൽ നിർണായക പങ്ക് വഹിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഈ വർഷം ഗോവയിൽ നടക്കുന്ന ഐബിഡബ്ല്യുവിൻറെ പത്താം വാർഷിക പതിപ്പിൽ ഗൾഫ് ഓയിൽ ലൂബ്രിക്കൻറ്സുമായി സഹകരിക്കുന്നതിൽ സന്തോഷമുണ്ടെന്ന് സെവൻറി ഇഎംജി സിഇഒയും സ്ഥാപകനുമായ മാർട്ടിൻ ഡാ കോസ്റ്റ പറഞ്ഞു. കഴിഞ്ഞ പത്ത് വർഷമായി രാജ്യത്തെ മോട്ടോർസൈക്കിൾ സംസ്കാരത്തിൻറെ വിസ്മയകരമായ വളർച്ചയിൽ ഇന്ത്യ ബൈക്ക് വീക്ക് പ്രധാന പങ്കുവഹിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കേരള ഫുട്ബോൾ റഫറീസ് അസോസിയേഷൻ ഭാരവാഹികൾ





**കൊച്ചി:** കേരള ഫുട്ബോൾ റഫറീസ് അസോസിയേഷന്റെ പ്രസിഡന്റ് ആയി എസ്.രാമചന്ദ്രൻ നായരെയും, സെക്രട്ടറി ആയി മൈക്കിൾ ആൻഡ്രൂസിനെയും തിരഞ്ഞെടുത്തു. റെനി വർഗീസ് ആണ് ട്രഷറർ. രതീഷ് കുമാർ വി, ശശികുമാർ പി.എസ്, ഡെന്നി ജേക്കബ്, ജിബിൻ ബേബി, ശശികുമാർ എ.ആർ (വൈസ് പ്രസിഡന്റുമാർ), ഷാജി സി കുര്യൻ, അരുൺ പവിത്രൻ (ജോ.സെക്രട്ടറിമാർ) എന്നിവരാണ് മറ്റു ഭാരവാഹികൾ.

# ഫെഡറൽ ബാങ്ക് ക്രെഡിറ്റ് കാർഡ് ബിൽ പേമെന്റുകൾ ബിബിപിഎസ് പ്ലാറ്റ്ഫോമിൽ

**കൊച്ചി:** ഭാരത് ബിൽ പേമെന്റ് സിസ്റ്റം (ബിബിപിഎസ്) വഴി ക്രെഡിറ്റ് കാർഡ് ബില്ലുകൾ അടയ്ക്കാവുന്ന സൗകര്യം ഫെഡറൽ ബാങ്ക് അവതരിപ്പിച്ചു. ഈ സേവനം നൽകുന്ന മൂന്നാമത്തെ ബാങ്കാണ് ഫെഡറൽ ബാങ്ക്. ക്രെഡിറ്റ് കാർഡ് ഉടമകൾക്ക് നെറ്റ് ബാങ്കിങ്, യുപിഐ, ഡെബിറ്റ് കാർഡ് തുടങ്ങി സൗകര്യപ്രദമായ ഏതു മാർഗത്തിലൂടെയും ബിൽ പേമെന്റുകൾ നടത്താം. കൂടുതൽ സൗകര്യപ്രദമായ ഡിജിറ്റൽ സേവനങ്ങൾ ഇടപാടുകാരിലേക്ക് എത്തിക്കുന്നതിനുള്ള ബാങ്കിന്റെ പ്രതിജ്ഞാബദ്ധതയുടെ ഭാഗമായാണ് പുതിയ സൗകര്യം ലഭ്യമാക്കിയിരിക്കുന്നതെന്ന് ബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ പറഞ്ഞു. ഫെഡറൽ ബാങ്കിന്റെ ഫെഡ്മൊബൈൽ, ഫെഡ്നെറ്റ് ആപ്പുകൾ മുഖേനയും മറ്റു യുപിഐ ആപ്പുകൾ മുഖേനയും അനായാസം ക്രെഡിറ്റ് കാർഡ് ബില്ലുകൾ അടയ്ക്കാവുന്നതാണെന്നും അവർ കൂട്ടിച്ചേർത്തു.ബിബിപിഎസ് അപ്ലിക്കേഷനിലെ ഡെസിഗ്നേറ്റഡ് ബില്ലർ ആയി 'ഫെഡറൽ ബാങ്ക് ക്രെഡിറ്റ് കാർഡ്' തിരഞ്ഞെടുത്ത് ക്രെഡിറ്റ് കാർഡ് രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ ഉൾപ്പെടെ ആവശ്യമായ വിവരങ്ങൾ നൽകി പുതിയ സേവനം ഉപയോഗിക്കാം. ലോഗിൻ ചെയ്താൽ ഇടപാടുകാർക്ക് ക്രെഡിറ്റ് കാർഡ് ബിൽ വിവരങ്ങൾ, അടക്കേ തുക, ബിൽ തീയതി, അവസാന തീയതി തുടങ്ങിയ വിവരങ്ങളും ലഭിക്കുന്നതാണ്. ഓട്ടോപേ സൗകര്യവും ലഭ്യമാണ്.

# കെൽട്രോൺ നോളജ് സെന്റർ സൗജന്യ കോഴ്സ് സംഘടിപ്പിക്കുന്നു

**കൊച്ചി:** എറണാകുളം ജില്ലയിൽ നിന്നുള്ള വിമുക്തഭടന്മാർ, ആശ്രിതർ, വിധവകൾ എന്നിവർക്കുള്ള പുനവധിവാസ പരിശീലനത്തിന്റെ ഭാഗമായി കെൽട്രോൺ നോളജ് സെന്റർ മൂന്നു മാസത്തെ സൗജന്യ ഫയർ & സേഫ്റ്റി ആന്റ് ഇലക്ട്രോണിക് സെക്യൂരിറ്റി സിസ്റ്റം മാനേജ്മെന്റ് സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിക്കുന്നു. 2023 ഒക്ടോബർ 9 മുതൽ 2024 ജനുവരി 8 വരെയാണ് കോഴ്സ് കാലാവധി. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 10 പേർക്കായിരിക്കും പ്രവേശനം ലഭിക്കുക. അർഹരായവർ വിമുക്തഭടനുമായുള്ള ബന്ധം തെളിയിക്കുന്ന രേഖകൾ, വിദ്യാഭ്യാസം, വയസ്സ്, മൊബൈൽ നമ്പർ ഇമെയിൽ ഐ.ഡി എന്നിവ സഹിതം നേരിട്ടോ zswoekm@gmail.com ഇമെയിലിലോ അല്ലെങ്കിൽ 0484 2422239 എന്ന നമ്പറിലോ സെപ്റ്റംബർ 23 വൈകിട്ട് 5 നകം ബന്ധപ്പെടണം.

# എച്ച്എസ്ബിസി മ്യൂച്വൽ ഫണ്ട് ഡിജിറ്റൽ ക്യാമ്പയിൻ അവതരിപ്പിച്ചു

**കൊച്ചി:** ഡിജിറ്റൽ, നിക്ഷേപക ബോധവൽക്കരണ ക്യാമ്പയിനുമായി എച്ച്എസ്ബിസി മ്യൂചൽ ഫ്. ടകജ ഒമശ ്എമ്യറലണമഹശഅമ റമ േഎന്ന പേരിലുള്ള ക്യാമ്പയിൻ ഇത്തരത്തിൽ ആദ്യത്തേതാണ്. 27നും 35നും ഇടയിൽ പ്രായമുള്ള ഇന്ത്യയിലെ മിലനിയൽ നിക്ഷേപകരെ ബോധവൽക്കരിക്കുന്നതിനും ശാക്തീകരിക്കുന്നതിനും ലക്ഷ്യമിടുന്നതാണ് പുതിയ ക്യാമ്പയിനെന്ന് എച്ച്എസ്ബിസി അസറ്റ് മാനേജ്മെന്റ് കമ്പനി (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് സിഇഒ കൈലാഷ് കുൽക്കർണി പറഞ്ഞു.ഇന്ത്യയുടെ മ്യൂചൽ ഫ് മേഖലയിലേക്ക് പുതിയ നിക്ഷേപകരുടെ ശ്രദ്ധേയമായ ഒഴുക്ക് ഉായിട്ടു. ഇവരിൽ ഗണ്യമായ ഒരു ഭാഗം മിലനിയൽസ് ആണ്. 201923 സാമ്പത്തിക വർഷത്തിൽ മ്യൂചൽ ഫുകളിൽ നിക്ഷേപം തുടങ്ങിയ പുതിയ നിക്ഷേപകരിൽ 54% (ഏകദേശം 85 ലക്ഷം) മിലനിയൽസ് ആണെന്ന് ഇൻഡസ്ട്രി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു ഈ വിഭാഗത്തെ ലക്ഷ്യം വച്ചുള്ളതാണ് എച്ച്എസ്ബിസി മ്യൂചൽ ഫിന്റെ പുതിയ ക്യാമ്പയിൻ.കോമ്പയിനിന്റെ ശക്തിയും അച്ചടക്കത്തോടെയുള്ള നിക്ഷേപത്തിന്റെ പ്രാധാന്യവും ഊന്നിപ്പറയുന്നതാണ് ക്യാമ്പയിൻ വീഡിയോ. അവരുടെ വൈവിധ്യമാർന്ന സാമ്പത്തിക ലക്ഷ്യങ്ങളുമായി ഒത്തുചേർന്ന് അവരുടെ നിക്ഷേപയാത്ര നേരത്തേ ആരംഭിക്കാൻ ക്യാമ്പയിൻ മിലനിയൽസിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. മൂന്ന് ഷോർട്ട് ഫിലിമുകളുടെ ഒരു സീരീസാണ് ക്യാമ്പയിനിലുള്ളത്. പരമ്പരയിലെ ആദ്യ ചിത്രം പുറത്തിറങ്ങി. ബാക്കിയുള്ളവ അടുത്ത ര് ആഴ്ചകളിൽ പ്രക്ഷേപണം ചെയ്യും. ടകജ ഒമശ ്എമ്യറലണമഹശഅമറമേ എസ്ഐപിയെ ഒരു ശീലമായി ആഘോഷിക്കുകയും, പോസിറ്റീവ് ദിനചര്യകളുടെ നേട്ടങ്ങളെ പ്രതിഫലിപ്പിക്കുകയും, അറിവും ആത്മവിശ്വാസവുമുള്ള സഹസ്രാബ്ദ നിക്ഷേപകരെ വളർത്തിയെടുക്കാൻ ശമിക്കുകയും ചെയ്യുന്നുവെന്നും കൈലാഷ് കുൽക്കർണി പറഞ്ഞു. കൂടുതൽ വിവരങ്ങൾക്ക്
www.assetmanagement.hsbc.co.in/en/siphaifaydewaliaadta

## ഹെയർ ഇന്ത്യ പുതിയ വാഷിംഗ് മെഷീനുകൾ പുറത്തിറക്കി

**കൊച്ചി:** ഹെയർ അപ്ലയൻസസ് ഇന്ത്യ (ഹെയർ ഇന്ത്യ) തങ്ങളുടെ പുതിയ എഐ സജ്ജീകരണത്തോടെയുള്ള 959 ഡയറക്ട് മോഷൻ മോട്ടോർ ഫുള്ളി ഓട്ടോമാറ്റിക് ഫ്ര് ലോഡ് വാഷിംഗ് മെഷീനുകൾ ഇന്ത്യയിൽ അവതരിപ്പിച്ചു.'മേക്ക് ഇൻ ഇന്ത്യ, മെയ്ഡ് ഫോർ ഇന്ത്യ' എന്ന ബ്രാൻഡ് ദൗത്യത്തിന് അനുസൃതമായി, മിതമായ നിരക്കിൽ പുതിയ കാലത്തെ സാങ്കേതിക വിദ്യകൾക്കൊപ്പം പ്രീമിയം വാഷും ഫാബ്രിക് പരിചരണവും നൽകുന്ന ഫ്യൂച്ചർ റെഡി സ്മാർട്ട് ഹോം, എഐ, ഐഒടി സജ്ജീകരണങ്ങളോടെയുള്ള പുതിയ വാഷിംഗ് മെഷീനുകൾ ഹെയർ ഓൺലൈൻ സ്റ്റോറിലും റീട്ടെയിൽ സ്റ്റോറുകളിലും 56,990 രൂപ മുതൽ ലഭ്യമാണ്. ഹെയറിൽ തങ്ങൾ ഉപഭോക്തൃ സൗകര്യത്തിനായി പ്രതിജ്ഞാബദ്ധരാണെന്ന് ഹെയർ അപ്ലയൻസ് ഇന്ത്യ പ്രസിഡന്റ് സതീഷ് എൻ എസ് പറഞ്ഞു.ദൈനംദിന ജീവിതം കൂടുതൽ സുഖകരമാക്കുന്ന പുതുമകൾ കൊവരാൻ തങ്ങൾ പ്രചോദിതരാണ്. തങ്ങളുടെ പുതിയ ഐ ഒ ടി സജ്ജീകരിച്ച ഫ്ര് ലോഡ് സൂപ്പർ ഡ്രം 959 സീരീസ് വാഷിംഗ് മെഷീൻ എ ഐയിലെ പുരോഗതിയെ പ്രയോജനപ്പെടുത്തുകയും ഉപഭോക്താക്കൾക്ക് ലളിതവും ബുദ്ധിപരവും വ്യക്തിഗതമാക്കിയ ലണ്ടി സൊല്യൂഷനുകൾ വാഗ്ദാനം ചെയ്യുന്നതുമായ ഒരു മികച്ച കുപിടുത്തമാണ്. പുതിയ ശ്രേണി ഉപഭോക്തൃ ജീവിതശൈലി കൂടുതൽ മെച്ചപ്പെടുത്തുമെന്നും രാജ്യത്തുടനീളം ഇതിനു നല്ല സ്വീകരണം ലഭിക്കുമെന്നും തങ്ങൾക്ക് ഉറപ്പുന്നെും ഹെയർ അപ്ലയൻസ് ഇന്ത്യ പ്രസിഡന്റ് സതീഷ് എൻ എസ് പറഞ്ഞു.

# 'ട്രക്ക് ഉത്സവ്' സംഘടിപ്പിച്ച് ടാറ്റ മോട്ടോഴ്സ്



**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ വാണിജ്യ വാഹന നിർമാതാക്കളായ ടാറ്റ മോട്ടോഴ്സ് ട്രക്ക് ഉത്സവ് സംഘടിപ്പിക്കുന്നു. ഉപഭോക്താക്കളുമായി കൂടുതൽ അടുത്ത് ഇടപഴകുന്നതിനും ടാറ്റ മോട്ടോഴ്സിന്റെ ഏറ്റവും പുതിയ ട്രക്കുകളെക്കുറിച്ചും മൊബിലിറ്റി സൊല്യൂഷനുകളെക്കുറിച്ചും ഉപഭോക്താക്കളിൽ അവബോധം വളർത്തുന്നതിനുമാണ് പരിപാടിയിലൂടെ കമ്പനി ലക്ഷ്യമിടുന്നത്. അതുല്യമായ മൂല്യവർദ്ധിത സേവനങ്ങളുള്ളതും നൂതനവും സാങ്കേതിക മികവിൽ മുന്നിട്ടു നിൽക്കുന്നതുമായി പുതിയ ടാറ്റ മോട്ടോഴ്സ് ട്രക്കുകളാണ് പ്രദർശനത്തിനെത്തുന്നത്. ഇതോടൊപ്പം ഏറ്റവും പുതിയ ടാറ്റ മോട്ടോഴ്സ് എൽപിടി 1916ഉം അവതരിപ്പിക്കും. ഉപഭോക്തൃ ലാഭത്തിൽ പുതിയ മാനദണ്ഡങ്ങൾ സ്ഥാപിക്കാൻ രൂപകൽപ്പന ചെയ്തിരിക്കുന്ന മോഡലാണിത്. ട്രക്ക് ഉത്സവ് വഴി, ഉപഭോക്താക്കൾക്ക് ടാറ്റ മോട്ടോഴ്സിന്റെ നൂതനമായ മൊബിലിറ്റി സൊല്യൂഷനുകൾ വഴി പ്രയോജനം ലഭിക്കും. കൂടാതെ അവരുടെ പ്രത്യേക ആവശ്യങ്ങൾക്കനുസൃതമായി, എളുപ്പവും സൗകര്യപ്രദവുമായ വാഹന ധനസഹായത്തിനായി ഫിനാൻസിംഗ് പങ്കാളികളുമായി ഇടപഴകാനുള്ള അവസരവും കമ്പനി വാഗ്ദാനം ചെയ്യുന്നു. ഡൽഹി, ഫരീദാബാദ്, ഗുരുഗ്രാം, ബെംഗളൂരു, ജയ്പൂർ, ചെന്നൈ എന്നിവിടങ്ങളിലാണ് ട്രക്ക് ഉത്സവ് സംഘടിപ്പിക്കുന്നത്. ടാറ്റ മോട്ടോഴ്സ് എൽപിടി 1916 സമാന വിഭാഗത്തിൽ ഏറ്റവും ഉയർന്ന പേലോഡ് വാഗ്ദാനം ചെയ്യുന്ന വാഹനമാണ്. ഇത് ഉപഭോക്താക്കൾക്ക് ഉയർന്ന ലാഭവും വരുമാനവും ഉറപ്പുനൽകുന്നു. തെളിയിക്കപ്പെട്ടതും ഇന്ധനക്ഷമതയുള്ളതുമായ 3.3ലിറ്റർ ഡീസൽ എഞ്ചിനാണ് ട്രക്കിന് കരുത്തേകുന്നത്. ഡ്രൈവറിന് ഏറ്റവും സുഃഖപ്രദമാകുന്ന തരത്തിൽ ഡേ, സ്ലീപ്പർ മോഡ്യുകളിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന എൽപിടി ക്യാബിനാണ് എടുത്തു പറയേ സവിശേഷതകളിലൊന്ന്. കൂടാതെ ക്രൂയിസ് കൺട്രോൾ, ഗിയർ ഷിഫ്റ്റ് അഡ്വൈസർ, ഡ്യുവൽ മോഡ് ഫ്യുവൽ ഇക്കോണമി സ്വിച്ച്, ലോറോളിംഗ്റെസിസ്റ്റൻസ് ടയറുകൾ, എഞ്ചിൻ ബ്രേക്ക് എന്നിവ പോലുള്ള ഏറ്റവും പുതിയ ഫീച്ചറുകളും ട്രക്കിൽ സജ്ജീകരിച്ചിരിക്കുന്നു. ഇത് ഏറ്റവും ഉയർന്ന ലാഭവും വിശ്വാസ്യതയും ഉറപ്പാക്കുന്ന തരത്തിലുള്ളതാണെന്നും ടാറ്റ മോട്ടോഴ്സ് ട്രക്ക്സ് ബിസിനസ് ഹെഡ് രാജേഷ് കൗൾ പറഞ്ഞു. ടാറ്റ മോട്ടോഴ്സിൽ, ഉപഭോക്തൃ കേന്ദ്രീകൃത മൊബിലിറ്റി സൊല്യൂഷനുകൾ നൽകാനുള്ള സമർപ്പണമാണ് തങ്ങളെ മുന്നോട്ട് നയിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# പ്രയോറിറ്റി സർവീസ് അവതരിപ്പിച്ച് 'വി'

**കൊച്ചി:** ടെലികോം സേവനദാതാവായ 'വി' പോസ്റ്റ്പെയ്ഡ് ഉപഭോക്താക്കൾക്കായി 'വി' പ്രയോറിറ്റി സർവീസ് അവതരിപ്പിച്ചു. തെരഞ്ഞെടുത്ത സർക്കിളുകളിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നതെന്ന് വോഡഫോൺ ഐഡിയ സിഒ അഭിജിത്ത് കിഷോർ പറഞ്ഞു. ഉപഭോക്തൃ സംതൃപ്തി വർധിപ്പിക്കാനായി ഉപഭോക്തൃ അനുഭവങ്ങളിലും പ്രകടനത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചുള്ള വ്യത്യസ്തമായ സവിശേഷതകളോടെയുള്ള രൂപകൽപനയാണ് വി പ്രയോറിറ്റിയുടേത്. ഉയർന്ന പ്ലാനായ 699, നാലിൽ കൂടുതലുള്ള ഫാമിലി പ്ലാനുകൾ എന്നിവയുള്ളവർക്ക് ഈ പ്രയോറിറ്റി സേവനം പ്രയോജനപ്പെടുത്താം. ഇതിനു പുറമെ മുതിർന്ന പൗരൻമാർക്കും പത്തു വർഷമോ അതിലേറെയോ ആയുള്ള വി ദീർഘകാല ഉപഭോക്താക്കൾക്കും ഇതു ലഭ്യമാകും. വി പ്രയോറിറ്റി അംഗങ്ങൾ എന്ന നിലയിൽ നിരവധി പ്രത്യേക നേട്ടങ്ങളാവും ലഭിക്കുക.തങ്ങളുടെ ബ്രാൻഡിനോടും നെറ്റ് വർക്കിനോടും വിശ്വാസമുള്ളതും ഉന്നത താൽപര്യമുള്ളതുമായ ദീർഘകാലമായ വലിയ ഉപഭോക്തൃ വിഭാഗമുള്ളത് തങ്ങളെ സംബന്ധിച്ച് വളരെ അഭിമാനകരമായ ഒന്നാണെന്നും അഭിജിത്ത് കിഷോർ പറഞ്ഞു. തങ്ങളുടെ പോസ്റ്റ്പെയ്ഡ് ഉപഭോക്താക്കളെ ഒരു തലം കൂടി ഉയർന്ന മുൻഗണ നൽകുന്നതിലേക്ക് എത്തിക്കുന്നതാണ് 'വി' പ്രയോറിറ്റി. സവിശേഷമായ പദ്ധതികളും അതുല്യമായ സേവനങ്ങളും വഴി വർഷങ്ങൾ കൊണ്ട് കെട്ടിപ്പടുത്തതാണ് ഈ വിഭാഗം. ഒരു കമ്പനി എന്ന നിലയിൽ ഉന്നത ഉപഭോക്തൃ അനുഭവങ്ങൾ ലഭ്യമാക്കാനാണ് തങ്ങൾ ശ്രമിക്കുന്നത്. തങ്ങളുടെ സേവന തലങ്ങൾ കൂടുതൽ ഉയരത്തിലേക്കെത്തിക്കുന്ന അത്തരത്തിലെ മറ്റൊരു ചുവടുവെപ്പാണ് 'വി' പ്രയോറിറ്റി എന്നും അദ്ദേഹം പറഞ്ഞു. മുംബൈ, ഡെൽഹി, കോൽക്കൊത്ത, ഗുജറാത്ത്, കർണാടക, കേരളം, മഹാരാഷ്ട്ര-ഗോവ, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നീ ഒൻപതു സർക്കിളുകളിൽ ലഭ്യമായ വി പ്രയോറിറ്റി സേവനങ്ങൾ ഉടൻ തന്നെ ഇന്ത്യ മുഴുവനായി ലഭ്യമാക്കും. രാജ്യത്തെ ഏറ്റവും മികച്ച സേവനങ്ങളാണ് വി ലഭ്യമാക്കുന്നത്. ഈ പുതിയ സേവനങ്ങളിലൂടെ ഉപഭോക്തൃ കേന്ദ്രീകൃതമായ നീക്കങ്ങളുടെ മൂല്യം വർധിപ്പിക്കാനാണ് വി ലക്ഷ്യമിടുന്നത്. മൊബൈൽ ഉപഭോക്താക്കളുടേയും ഡിജിറ്റൽ യുഗത്തിന്റേയും ആവശ്യങ്ങൾക്ക് അനുസരിച്ച് കൂടുതൽ ഡാറ്റ, കൂടുതൽ നിയന്ത്രണം, കൂടുതൽ സൗകര്യം, അതുല്യമായ ഉള്ളടക്കങ്ങൾ തുടങ്ങിയവയാണ് വി മാക്സ് പദ്ധതികൾ മുന്നോട്ടു വെക്കുന്നത്.

## ടെക്നോ സ്പാർക്ക് 10 പ്രോ മൂൺ എക്സ്പ്ലോറർ അവതരിപ്പിച്ചു

**കൊച്ചി:** പ്രമുഖ ടെക്നോളജി ബ്രാൻഡായ ടെക്നോ ഇന്ത്യയുടെ ചാന്ദ്ര ദൗത്യമായ ചന്ദ്രയാൻ 3ൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് സ്പാർക്ക് 10 പ്രോ മൂൺ എക്സ്പ്ലോറർ പതിപ്പ് അവതരിപ്പിച്ചു. ടെക്നോയുടെ അതുല്യമായ ബ്ലാക്ക് ആന്റ് വൈറ്റ് ലെതർ ഡിസൈൻ ഉപയോഗിച്ച് പരിസ്ഥിതി സൗഹൃദത്തിന് മുൻഗണന നൽകിയാണ് സ്പാർക്ക് 10 പ്രോ മൂൺ എക്സ്പ്ലോറർ രൂപകൽപന ചെയ്തിരിക്കുന്നതെന്ന് ടെക്നോ മൊബൈൽ സിഇഒ അരിജീത് തലപത്ര പറഞ്ഞു.17.22 സെ.മീ (6.78) എഫ്എച്ച്ഡി+ഡോട്ട് ഇൻ ഡിസ്പ്ലേയാണ് ഫോണിന്. 32 മെഗാപിക്സൽ ഡ്യുവൽ ഫ്ളാഷ് എഐ സെൽഫി ക്യാമറക്കൊപ്പം,




50എംപി ഡ്യുവൽ പിൻ ക്യാമറയുമുണ്ട്. 8ജിബി എൽപിഡിഡിആർ4എക്സ് + 8ജിബി മെമ്മറി ഫ്യൂഷൻ റാമും, 128ജിബി ഇൻറേണൽ സ്റ്റോറേജും 1ടിബി വരെയുള്ള എസ്ഡി കാർഡ് സ്ലോട്ടും ഫോണിനുണ്ട്. 5000എംഎഎച്ച് ബാറ്ററി 27 ദിവസം വരെ സ്റ്റാൻഡ്ബൈ നൽകും. 18വാട്ട് ഫ്ളാഷ് ചാർജർ വെറും 40 മിനിറ്റിനുള്ളിൽ 50 ശതമാനം ചാർജ് ചെയ്യാനും സഹായിക്കും. ആൻഡ്രോയിഡ് 13 അടിസ്ഥാനമാക്കിയുള്ള എച്ച്ഐഒഎസ് 12.6 ആണ് ഓപ്പറേറ്റിങ് സിസ്റ്റം. പുതിയ മോഡലിൻറെ വിൽപന സെപ്റ്റംബർ 15ന് ആരംഭിക്കും. 11,999 രൂപയാണ് ടെക്നോ സ്പാർക്ക് 10 പ്രോ മൂൺ എക്സ്പ്ലോററിൻറ വില.ഈ പുതിയ പതിപ്പിൻറെ നൂതനമായ ഡിസൈൻ, ശ്രദ്ധേയമായ ക്യാമറ, ശക്തമായ പ്രകടനം, ആകർഷകമായ വില എന്നിവ സ്മാർട്ട്ഫോൺ വിപണിയെ പുനർനിർവചിക്കുമെന്നും അരിജീത് തലപത്ര പറഞ്ഞു.

# ചർച്ചിലിന്റെ ഓൾഡ് വാർ ഓഫിസ് ഹിന്ദുജാ ഗ്രൂപ്പ് ആഡംബര ഹോട്ടലാക്കുന്നു




**കൊച്ചി:** ഹിന്ദുജ ഗ്രൂപ്പ് ആഗോള പ്രശസ്ത റാഫിൾസ് ഹോട്ടൽസ് ആൻറ് റിസോർട്ട്സുമായി സഹകരിച്ച് രണ്ടാം ലോകമഹായുദ്ധക്കാലത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന വിൻസ്റ്റൻ ചർച്ചിലിന്റെ ഓൾഡ് വാർ ഓഫിസ് പുനരുദ്ധരിച്ച് ആഡംബര ഹോട്ടലാക്കി മാറ്റുന്നു. ലണ്ടൻ നഗരത്തിന്റെ ഹൃദയഭാഗത്തുള്ള ഈ ആഡംബര ഹോട്ടൽ സെപ്റ്റംബർ 26നായിരിക്കും ഉദ്ഘാടനം ചെയ്യുക.വൈറ്റ്ഹാളിലെ ഈ രാജകീയ മന്ദിരത്തിൻറെ വലുപ്പവും സൗന്ദര്യവും തങ്ങളുടെ ടീമിനെ അത്യാകർഷിച്ചതായി ഈ പദ്ധതിക്കു മേൽനോട്ടം വഹിച്ച സഞ്ജയ് ഹിന്ദുജ പറഞ്ഞു. ഇതിനു പുതിയ ജീവിതത്തിൻറെ ശ്വാസം നൽകുമ്പോൾ ഈ കെട്ടിടത്തിൻറെ പുരാതന മഹത്വം തിരികെ കൊണ്ടു വരാനും അതിൻറെ പാരമ്പര്യത്തെ മാനിക്കാനും വേണ്ട ചെലവുകളൊന്നും ഒഴിവാക്കിയിട്ടില്ല. റാഫിൾസുമായി ചേർന്ന് ഓൾഡ് വാർ ഓഫിസിന് കാലാതീതവും അതിരുകളില്ലാത്തതുമായ പാരമ്പര്യം നൽകാനാവും എന്നാണു തങ്ങൾ പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.വൈറ്റിഹാളിൽ ഡൗണിങ് സ്ട്രീറ്റിന് എതിർവശത്തുള്ള ഈ കെട്ടിടം എട്ടു വർഷം മുൻപാണ് ഹിന്ദുജ കുടുംബം കരസ്ഥമാക്കിയത്. തുടർന്ന് ഇത് ആഡംബര വസതികളും റസ്റ്റോറൻറുകളും സ്പാകളും ഉൾപ്പെടുന്ന ഒരു ഹബ് ആക്കി മാറ്റുവാൻ റാഫിൾസ് ഹോട്ടൽസുമായി സഹകരണമുണ്ടാക്കി.ബ്രിട്ടീഷ് വാസ്തുശിൽപിയായ വില്യം യങ് രൂപകൽപന ചെയ്ത ഓൾഡ് വാർ ഓഫിസ് 1906ലാണ് പൂർത്തിയാക്കിയത്. അതിനു മുൻപ് ഈ സൈറ്റ് വൈറ്റ്ഹാൾ ഒറിജിനൽ പാലസ് ആയിരുന്നു. വിൻസ്റ്റൻ ചർച്ചിലും ഡേവിഡ് ലോയ്ഡ് ജോർജ്ജും പോലുള്ള രാഷ്ട്രീയ, സൈനിക നേതാക്കൾ ഇവിടെയുള്ള ഓഫിസിൽ പ്രവർത്തിച്ചിരുന്നു. ഇതിൻറെ വാസ്തുശിൽപ സൗന്ദര്യം പിന്നീട് ജെയിംസ് ബോണ്ട് ചിത്രങ്ങൾക്കും വളരെ അടുത്ത കാലത്ത് ദി ക്രൗൺ നെറ്റ്ഫ്ളിക്സ് പരമ്പരയ്ക്കും പശ്ചാത്തലമായിരുന്നു.പ്രതീക്ഷകളെ മറികടന്ന മികവുമായെത്തിയ ഈ ചരിത്രപരമായ പദ്ധതിയുടെ ഭാഗമായ ഓരോരുത്തർക്കും അംഗീകരിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്ത പ്രതീതിയാണുള്ളതെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ ആസ്സർ ചെയർമാനും സിഇഒയുമായ സെബാസ്റ്റ്യൻ ബാസിൻ പറഞ്ഞു. സമാനതകളില്ലാത്ത ഈ ഹോട്ടൽ അനുഭവിക്കാൻ ഹിന്ദുജ കുടുംബത്തോടു ചേർന്ന് തങ്ങളും യാത്രികരെ ക്ഷണിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.നൂറുകണക്കിന് കരകൗശല വിദഗ്ധരുടെ സഹായത്തോടെയുള്ള നവീകരണത്തിൻറെ ഭാഗമായി, അതിലോലമായ മൊസൈക് ഫ്ളോറുകൾ, ഓക്ക് പാനലിംഗ്, തിളങ്ങുന്ന ഷാൻഡിലിയറുകൾ, ഗംഭീരമായ മാർബിൾ ഗോവണി എന്നിവ ഉൾപ്പെടെയുള്ള ചരിത്രപരമായ ഇൻറീരിയർ ഘടകങ്ങൾ പുനഃസ്ഥാപിച്ചു. 120 മുറികളും സ്യൂട്ടുകളും, ഷെഫ് മൗറോ കൊളാഗ്രെക്കോയുടെ സിഗ്നേച്ചർ ഡൈനിംഗ് അനുഭവങ്ങൾ, ഗ്രാൻഡ് ബാൾറൂം ഉൾപ്പെടെയുള്ള വിനോദ സ്ഥലങ്ങൾ തുടങ്ങിയവ ഓൾഡ് വാർ ഓഫീസി ൽ ഒരുക്കിയിട്ടുണ്ട്.

# മിനിക്ലബ് കേരളത്തിലെ സാന്നിധ്യം ശക്തമാക്കുന്നു




**കൊച്ചി:** കുട്ടികളുടെയും ശിശു സംരക്ഷണ ഉൽപ്പന്നങ്ങളുടെയും രാജ്യത്തെ മുൻനിര ബ്രാൻഡായ മിനിക്ലബ് ഉൽപന്നങ്ങളുടെ സംസ്ഥാനത്തെ സാന്നിധ്യം ശക്തമാക്കുന്നു.നവജാത ശിശുക്കൾ മുതൽ എട്ടു വയസ്സുവരെയുള്ള കുട്ടികൾക്കായി സുരക്ഷിതവും സൗകര്യപ്രദവുമായ വസ്ത്രങ്ങളുടേയും നോൺ അപ്പാരലുകളുടേയും ശ്രേണിയാണ് മിനിക്ലബ് വിപണിയിൽ അവതരിപ്പിച്ചിട്ടുള്ളത്. ന്യൂബോൺ ആവശ്യ സാധനങ്ങൾ, കുഞ്ഞുങ്ങളുടെ വസ്ത്രങ്ങൾ, കുട്ടികളുടെ ഫാഷൻ, പാദരക്ഷകൾ, കളിപ്പാട്ടങ്ങൾ. യാത്ര, ശിശു സംരക്ഷണം എന്നിവയ്ക്ക് അനുയോജ്യമായ നിരവധി ഉൽപ്പന്നങ്ങൾ ബ്രാൻഡ് സ്റ്റോറുകളിൽ ലഭ്യമാണ്. രാജ്യത്തെ 26 നഗരങ്ങളിലായി 45 എക്സ്ക്ലൂസീവ് സ്റ്റോറുകൾ പ്രവർത്തിക്കുന്നു്. കേരളത്തിലെ വികസനത്തിൻറെ ഭാഗമായി തിരുവനന്തപുരത്തെ പാറ്റൂരിൽ പുതിയ ഷോറൂം പ്രവർത്തനം ആരംഭിച്ചു. ഭാവിയിൽ കൂടുതൽ സ്റ്റോറുകൾ ഇവിടെ തുടങ്ങാനും കമ്പനിക്ക് പദ്ധതിയു്. കൂടാതെ ഇന്ത്യയിലെ 450 ലധികം മൾട്ടി ബ്രാൻഡ് ഔട്ട്ലെറ്റുകളിലും പ്രമുഖ റിട്ടെയ്ലർമാരിലും, എക്സ്ക്ലൂസീവ് ബ്രാൻഡ് സ്റ്റോറുകളിലും, പ്രശസ്ത ഇ കോമേഴ്സ് പ്ലാറ്റ് ഫോമുകളിലും കമ്പനി ഉല്പന്നങ്ങളുടെ സാന്നിദ്ധ്യമുണ്ട്.

# ബുമറിനായി മാർസ് റിഗ്ലി ജസ്പ്രീത് ബുംറയുമായി കൈ കോർക്കുന്നു

MARS WRIGLEY

**കൊച്ചി:** മാർസ് റിഗ്ലി ഇന്ത്യയുടെ ഏറ്റവും പഴക്കമേറി ഫ്രൂട്ടി ബബിൾഗം ബ്രാൻഡായ ബുമറിനായി ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ സ്റ്റാർ പേസർജസ്പ്രീത് ബുംറയുമായി കൈ കോർക്കുന്നു.25 വർഷത്തിലേറെയായി ഫ്രൂട്ടി ഫ് ളേവറുകളുടെ പാലറ്റിനൊപ്പം തമാശയുടെ ഇളംനിറവുമായി ഇന്ത്യൻ ഉപഭോക്താക്കളെ വശീകരിക്കുന്ന ബൂമർ രാജ്യത്ത്പാരമ്പര്യ ബ്രാൻഡായി മാറിയിരിക്കുന്നുവെന്ന് മാർസ് റിഗ്ലി ഇന്ത്യയുടെ മാർക്കറ്റിംഗ് ആൻഡ് കസ്റ്റമർ മാർക്കറ്റിംഗ് ഡയറക്ടർ വരുൺ കാന്ധാരിപറഞ്ഞു.ജസ്പ്രീത്ബുംറയുമായുള്ള ഈ പുതിയ പങ്കാളിത്തത്തിലൂടെ, വിശ്വസ്തരിൽ സന്തോഷത്തിന്റെ നിമിഷങ്ങൾ പ്രചോദിപ്പിക്കാനും ബുമർ ഇഷ്ടപ്പെട്ട പ്രേക്ഷകരെ ആകർഷിക്കാനും ബ്രാൻഡ് ലക്ഷ്യമിടുന്നുവെന്നും വരുൺ കാന്ധാരി പറഞ്ഞു.ഇത്തരത്തിലുള്ള ഒരു ഐക്കണിക് ബ്രാൻഡുമായി സഹകരിക്കുന്നത് അവിശ്വസനീയമായ ബാല്യകാല ഓർമ്മകൾ തിരികെ കൊുവരികയും എന്നെ ഓർമകളുടെ പാതയിലേക്ക് കൊുപോകുകയും ചെയ്യുന്നുവെന്ന് ജസ്പ്രീത്ബുംറ പറഞ്ഞു.

# മെഡിക്കൽ പിജി,നീറ്റ് മത്സരപ്പരീക്ഷ: എൻട്രി, ഡോ പോളാരിസ് ആപ്പുകൾ കൈകോർക്കുന്നു



**കൊച്ചി:** മെഡിക്കൽ പിജിനീറ്റ് മത്സരപ്പരീക്ഷകൾക്കുള്ള പരിശീലനത്തിനായി എൻട്രി ആപ്പും ഡോ പോളാരിസ് ആപ്പും കൈകോർത്ത് എൻട്രിമെഡ് പുറത്തിറക്കും. മെഡിക്കൽ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക ഓൺലൈൻ വിദ്യാഭ്യാസ വേദിയാണ് ഡോ. പോളാരിസ്. കേരള സ്റ്റാർട്ടപ്പ് മിഷൻ രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളാണ് ഇവ രണ്ടും.മെഡിക്കൽ വിദ്യാർത്ഥികൾക്ക് എംബിബിഎസ് പഠനകാലയളിവിൽ തന്നെ പിജിനീറ്റ് പരീക്ഷയ്ക്കുള്ള തയ്യാറെടുപ്പ് എൻട്രി മെഡിലൂടെ നടത്താൻ സാധിക്കുമെന്ന് ഡോ. പോളാരിസിൻറെ സ്ഥാപകനും സിഇഒയുമായ ഡോ. ഷാറൂഖ് മുബാറക് പറഞ്ഞു. ഈ സഹകരണത്തോടെ എൻട്രി ആപ്പിലെ പിജി മെഡിക്കൽ മത്സരപ്പരീക്ഷകളുടെ ഉള്ളടക്കം പൂർണമായും പോളാരിസിൻറെ ഉത്തരവാദിത്തമാകും.രാജ്യത്തെ വിവിധ മത്സരപ്പരീക്ഷകൾക്കുള്ള ഏറ്റവും ഡിമാൻഡേറിയ ഓൺലൈൻ ആപ്പാണ് എൻട്രി. പ്രാദേശിക ഭാഷകളിലടക്കം ഒരു കോടിയിലേറെ പേരാണ് ഈ ആപ്പ് ഉപയോഗിക്കുന്നത്. പുതിയ സഹകരണത്തോടെ ഡോ.പോളാരിസിൻറെ അധ്യയന ഉള്ളടക്കം എൻട്രി മൊബൈൽ ആപ്പിൽ ലഭ്യമാകും. പ്രത്യേക വീഡിയോകൾ, ക്വസ്റ്റ്യൻ ബാങ്ക്, നോട്ടുകൾ, മറ്റ് വിവരസഹായികൾ എന്നിവയും ലഭ്യമാകും.മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ എല്ലാ വിദ്യാർത്ഥികൾക്കുമുള്ള പഠന സഹായികൾ ഇതിലൂടെ ലഭ്യമാക്കുമെന്ന് ഡോ. ഷാരൂഖ് പറഞ്ഞു. ആശയവിനിമയത്തിലൂന്നിയ പഠന സഹായികൾ, വ്യക്തിപരമായി ലഭ്യമാക്കുന്ന പഠനോപാധികൾ എന്നിവയും ഇതിലുണ്ടാകും. നിലവിലെ ഡോ. പോളാരിസ് ഉപഭോക്താക്കൾ എൻട്രി ആപ്പിലേക്ക് മാറുമെന്നും അദ്ദേഹം പറഞ്ഞു.മെഡിക്കൽ വിദ്യാർത്ഥികൾക്ക് മാത്രമായ പഠനോപാധികൾ നൽകുന്ന ഡോ. പോളാരിസിൻറെ സഹകരണത്തിൽ അത്യന്തം ആവേശഭരിതരാണെന്ന് എൻട്രി ആപ്പിൻറെ സ്ഥാപകൻ മുഹമ്മദ് ഹിസാമുദ്ദീൻ പറഞ്ഞു. എൻട്രിയുടെ ഉദ്ദേശലക്ഷ്യവുമായി ഏറെ ചേർന്നു നിൽക്കുന്നതാണ് ഡോ. പോളാരിസിൻറെ സഹകരണം. മെഡിക്കൽ വിദ്യാർത്ഥികൾക്ക് പിജിനീറ്റ് പരീക്ഷയ്ക്കുള്ള ഏറ്റവും മികച്ച പരിശീലനോപാധികൾ ഇതിലൂടെ പ്രദാനം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

# അപ്പോളോ ഫാർമസിയുമായി കൈകോർത്ത് മാമഎർത്ത്

**കൊച്ചി:** ബ്യൂട്ടി ആൻഡ് പേഴ്സണൽ കെയർ ബ്രാൻഡായ മാമഎർത്തിന്റെ ഉടമകളായ ഹോനാസ കൺസ്യൂമർ ലിമിറ്റഡ്, പേഴ്സണൽ കെയർ-ബേബി കെയർ ഉൽപ്പന്ന ശ്രേണിയുടെ റീട്ടെയിൽ വിപണനത്തിനായി അപ്പോളോ ഫാർമസിയുമായി കരാറിലേർപ്പെട്ടു. 2023 ഓഗസ്റ്റിൽ 5000ലധികം അപ്പോളോ ഫാർമസി സ്റ്റോറുകളിലാണ് മാമഎർത്ത് ഉൽപ്പന്നങ്ങൾ വിറ്റഴിച്ചത്. കുട്ടികൾക്കായുള്ള ഉബ്റ്റൻ ഫേസ് വാഷ്, ഒനിയൻ ഷാംപൂ, മോയ്സ്ചറൈസിങ് ബാത്ത് ബാർ തുടങ്ങിയ ബ്രാൻഡ് ഉത്പന്നങ്ങൾക്ക് വലിയ സ്വീകാര്യതയും ലഭിച്ചുവെന്ന് ഹോനാസ കൺസ്യൂമർ ലിമിറ്റഡിന്റെ സഹസ്ഥാപകനും സിഇഒയുമായ വരുൺ അലഗ് പറഞ്ഞു. മാമഎർത്തിന്റെ ഉൽപ്പന്ന ശ്രേണിയിലേക്ക് എളുപ്പത്തിൽ പ്രവേശിക്കാൻ ഉപഭോക്താക്കൾക്ക് ഈ സഹകരണം സഹായകരമാവും. അപ്പോളോ ഫാർമസിയുമായി കൈകോർക്കുന്നതിൽ തങ്ങൾക്ക് സന്തോഷമുന്നെും ഹോനാസ കൺസ്യൂമർ ലിമിറ്റഡിന്റെ സഹസ്ഥാപകനും സിഇഒയുമായ വരുൺ അലഗ് പറഞ്ഞു.ലോഞ്ചിങ് മുതൽ തങ്ങളുടെ സ്റ്റോറുകളിൽ മാമഎർത്ത് ഉത്പന്നങ്ങൾക്ക് ഡിമാൻഡും, എല്ലാ സ്ഥലങ്ങളിലും ഉയർച്ചയും തങ്ങൾ കന്ണ് അപ്പോളോ ഫാർമസി ബിസിനസ് ഹെഡ് മാധവ കൃഷ്ണ പറഞ്ഞു.

# അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസ്: ഒകടോബർ 10 മുതൽ കൊച്ചിയിൽ

## പ്രതിനിധി രജിസട്രേഷൻ 20ന് അവസാനിക്കും

**കൊച്ചി:** ഒക്ടോബർ 10 മുതൽ 13 വരെ കൊച്ചിയിൽ നടക്കുന്ന 16ാമത് അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസിൽ പ്രതിനിധിയായി പങ്കെടുക്കുന്നതിനുള്ള റഗുലർ റജിസ്ട്രേഷൻ സെപ്തംബർ 20ന് അവസാനിക്കും. ഗവേഷണ പ്രബന്ധനങ്ങൾ അവതരിപ്പിക്കുന്നതിന് അപേക്ഷ നൽകാൻ നാളെ (സെപ്തംബർ 15 വെള്ളി) രാത്രി 12 മണിവരെ അവസരമുണ്ട്. ഡൽഹിയിലെ നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസ് (നാസ്) സംഘടിപ്പിക്കുന്ന സമ്മേളനത്തിന് ഇത്തവണ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമാണ് (സിഎംഎഫ്ആർഐ) ആതിഥ്യമരുളുന്നത്. ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കാർഷികഭക്ഷ്യസംവിധാനങ്ങളുടെ പരിവർത്തനം എന്ന പ്രമേയത്തിലാണ് സമ്മേളനം.ലോകമെമ്പാടുമുള്ള പ്രമുഖരായ ഗവേഷകർ, അക്കാദമിക് വിദഗ്ധർ, വിദ്യാർത്ഥികൾ, കർഷകർ, സംരംഭകർ തുടങ്ങിയവർ കാർഷികഅനുബന്ധ മേഖലകളിലെ കണ്ടെത്തലുകളും ആശയങ്ങളും അവതരിപ്പിക്കും.കർഷക സംഗമം മുഖ്യ ആകർഷണം വിവിധ കാർഷികവൃത്തിയിലൂടെ വിജയം കൈവരിച്ച കർഷകരുടെ സംഗമം സമ്മേളനത്തിന്റെ മുഖ്യ ആകർഷങ്ങളിലൊന്നാണ്. പദ്മപുരസ്കാരജേതാക്കളുൾപ്പടെയുള്ള രാജ്യത്തെ വിവിധ പ്രദേശങ്ങളെ പ്രതിനിധീകരിക്കുന്ന കർഷകർ അവരുടെ അനുഭവങ്ങൾ പങ്കുവെക്കും. കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ശാസ്ത്രജ്ഞരുമായി ചർച്ച ചെയ്യാനും രാജ്യത്തെ പ്രമുഖ കാർഷിക ശാസ്ത്രജ്ഞന്മാർ കൂടി പങ്കെടുക്കുന്ന കർഷകശാസ്ത്രജ്ഞ സംവാദവും ഇതോടനുബന്ധിച്ച് നടക്കും. കാർഷികരംഗത്തെ വ്യവസായികളും ശാസ്ത്രജ്ഞരും തമ്മിലുള്ള ആശയസംവാദവും സമ്മേളനത്തിലുണ്ട്.ഭക്ഷ്യപോഷക സുരക്ഷ, കാലാവസ്ഥാവ്യതിയാനം, കാർഷിക ഉൽപാദന വ്യവസ്ഥ, ഉൽപന്നങ്ങൾ, ജനിതകസാങ്കേതികവിദ്യകൾ, മൃഗസംരക്ഷണം, ഹോർട്ടികൾച്ചർ, അക്വാകൾച്ചർ, മത്സ്യബന്ധനം, പുത്തൻ സാങ്കേതികവിദ്യകൾ, നയരൂപീകരണം തുടങ്ങി അനേകം വിഷയങ്ങളിലുള്ള ചർച്ചകളുണ്ടാകും.ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമായി 1500ലേറെ പ്രതിനിധികൾ കോൺഗ്രസിൽ പങ്കെടുക്കും. കൂടുതൽ വിവരങ്ങൾ അറിയുന്നതിന് വെബ്സൈറ്റ് സന്ദർശിക്കുക. (൏.16മരെ2023.ശി).

XVI AGRICULTURAL SCIENCE CONGRESS 2023
NAAS
10-13 OCTOBER 2023 | KOCHI | KERALA

## പഠനമുറി ധനസഹായ പദ്ധതി : അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പട്ടികജാതി വികസന വകുപ്പിന്റെ പഠനമുറി ധനസഹായ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. 202324 പ്രകാരം ജില്ലയിലെ സർക്കാർ/എയ്ഡഡ്, സ്പെഷ്യൽ/ടെക്നിക്കൽ, കേന്ദ്രീയ വിദ്യാലയങ്ങളിൽ പഠിക്കുന്നതും അഞ്ച് മുതൽ പ്ലസ് ടു തലം വരെ പഠിക്കുന്ന വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് അപേക്ഷിക്കാം. അപേക്ഷകർ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളവരും 800 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടുള്ളവരും മറ്റ് ഏജൻസികളിൽ നിന്നും ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ലാത്തവരും ആയിരിക്കണം. നിശ്ചിത മാതൃകയിലുള്ള അപേക്ഷ ജാതി, കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്, വിദ്യാർത്ഥി പഠിക്കുന്ന സ്കൂൾ മേലധികാരിയിൽ നിന്നുമുള്ള സാക്ഷ്യപത്രം, കൈവശാവകാശം/ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്/മറ്റ് ഏജൻസികളിൽ നിന്നും ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ബാങ്ക് പാസ്ബുക്ക് പകർപ്പ് എന്നിവ സഹിതം സെപ്റ്റംബർ 30 നകം അതാത് ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോറത്തിനും ബന്ധപ്പെട്ട ബ്ലോക്ക് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളുമായി ബന്ധപ്പെടണം.

# 'ടോബി' സെപ്റ്റംബർ 22 നു തിയേറ്ററുകളിലേക്ക്

**കൊച്ചി:** നവാഗതനായ ബാസിൽ എഎൽ ചാലക്കൽ സംവിധാനം ചെയ്ത് ടി കെ ദയാനന്ദിന്റെ കഥയെ അവലംബിച്ച് രാജ് ബി. ഷെട്ടി രചന നിർവഹിച്ച ആക്ഷൻ ഡ്രാമ ചിത്രമാണ് ടോബി. ചിത്രം മലയാളത്തിൽ സെപ്റ്റംബർ 22 ന് കേരളത്തിലെ തിയേറ്ററുകളിൽ റിലീസാകും. രാജ് ബി ഷെട്ടി, സംയുക്ത ഹോർണാഡ്, ചൈത്ര ജെ ആചാർ,ഗോപാലകൃഷ്ണ ദേശ്പാണ്ഡെ, രാജ് ദീപക് ഷെട്ടി എന്നിവരാണ് ചിത്രത്തിലെ അഭിനേതാക്കൾ. ഗരുഡ ഗമന വൃഷഭ വാഹന എന്ന ചിത്രത്തിന് ശേഷം രാജ് ബി ഷെട്ടി നായകനാകുന്ന ചിത്രമാണ് ടോബി. രവി റായ് കലസ, ലൈറ്റർ ബുദ്ധാ ഫിലിംസ്, കോഫി ഗാങ് സ്റ്റുഡിയോസ്, ബാലകൃഷ്ണ അർവാങ്കർ എന്നിവരാണ് ചിത്രത്തിന്റെ നിർമ്മാണം. ദുൽഖർ സൽമാന്റെ വേഫേറെർ ഫിലിംസ് ആണ് ചിത്രം കേരളത്തിലെ തിയേറ്ററുകളിലേക്കെത്തിക്കുന്നത്.ടോബിയുടെ സംഗീതമൊരുക്കിയത് മിഥുൻ മുകുന്ദനും ഛായാഗ്രഹണവും എഡിറ്റിംഗും പ്രവീൺ ശ്രിയാനും നിതിൻ ഷെട്ടിയും നിർവ്വഹിക്കുന്നു. പ്രൊഡക്ഷൻ ഡിസൈൻ അർഷാദ് നക്കോത്ത്, മേക്കപ്പ് റോണക്സ് സേവിയർ, സൗണ്ട് ഡിസൈൻ സിങ്ക് സിനിമ, 5.1 മിക്സ് അരവിന്ദ് മേനോൻ, ആക്ഷൻ രാജശേഖരൻ, അർജുൻ രാജ്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ഷാമിൽ ബങ്ങേര എന്നിവരാണ് ചിത്രത്തിന്റെ അണിയറപ്രവർത്തകർ. മലയാളത്തിന്റെ ഡബ്ബിങ് കോഓർഡിനേറ്റർ സതീഷ് മുതുകുളമാണ്. പി ആർ ഓ പ്രതീഷ് ശേഖർ.




LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA

FACTORY : KERALA
Kairady PO, Palakkad
+91 9288022663